## മാസ്റ്റർ സർക്കുലർ
## ദീൻ ദയാൽ അന്ത്യോദയ പദ്ധതി- ദേശിയ ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷൻ
## (DAY-NRLM)

**1. പശ്ചാത്തലം**

**1.1** ഭാരത സർക്കാരിന്റെ ഗ്രാമീണ വികസന മന്ത്രാലയം, 2013 ഏപ്രിൽ 01 മുതൽ സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗർ പദ്ധതി പരിഷ്കരിച്ച് ദേശീയ ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷൻ (NRLM) എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. പ്രാദേശിക ഗ്രാമീൺ ബാങ്കുകൾ ഉൾപ്പെടെ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും റിസർവ് ബാങ്കിന്റെ 2013 ജൂൺ 27-)o തീയതിയിലെ RPCD.GSSD.CO.No.81/09.01.03/2012-13 നമ്പർ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. NRLM 2016 മാർച്ച് 29 മുതൽ ദീൻ ദയാൽ അന്ത്യോദയ പദ്ധതി-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY NRLM) എന്ന് പേര് മാറ്റപ്പെടുകയുണ്ടായി. 1.2 പുനർ നാമകരണം ചെയ്യപ്പെട്ട പ്രസ്തുത പദ്ധതി, ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കിയുള്ള ഭാരത സർക്കാരിന്റെ അതിപ്രധാന പരിപാടിയാണ്. പാവപ്പെട്ടവർക്ക്, പ്രത്യേകിച്ച് വനിതകൾക്ക്, വിവിധ സാമ്പത്തിക സേവനങ്ങളുടെയും ജീവിതോപാധികളുടെയും ഒരു നിര തന്നെ പ്രാപ്തമാക്കാൻ ശേഷിയുള്ള, ദരിദ്രരുടെ പ്രത്യേകിച്ച് വനിതകളുടെ ബലവത്തായ സ്ഥാപനങ്ങളുടെ സൃഷ്ടിയിലൂടെ ഈ ലക്ഷ്യത്തിൽ എത്തുക എന്ന ഒരു അതിതീവ്ര പരിപാടി ആയാണ് DAY-NRLM രൂപപ്പെടുത്തിയിരിക്കുന്നത്. അത് ദരിദ്ര ജനവിഭാഗങ്ങളെ ഫലപ്രദമായ പ്രവർത്തനം നടത്തുന്ന സമൂഹ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലേക്ക് എത്തിക്കുക, അവരുടെ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുക, അവരുടെ ഉപജീവനമാർഗങ്ങളെ ബലപ്പെടുത്തുക എന്നിവ സാധ്യമാക്കുന്നതിനായി മാനുഷികവും ഭൗതികവുമായ വിഭവങ്ങളുടെ തീവ്രപ്രയോഗത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനു സാമ്പത്തിക, മൂലധന സേവനങ്ങൾ, ഉല്പാദന-ഉല്പാദനക്ഷമത ഉയർത്തൽ സേവനങ്ങൾ, സാങ്കേതിക ജ്ഞാനം, നൈപുണ്യ വികസനം, വിപണികളുടെ ബന്ധപ്പെടുത്തൽ മുതലായവ ഉൾപ്പെടെയുള്ള സേവനങ്ങളാൽ DAY-NRLM പരിപൂരകമായി വർത്തിക്കുന്നു. ഇത്തരം സാമൂഹ്യ സ്ഥാപനങ്ങൾ പാവപ്പെട്ടവർക്ക് തങ്ങളുടെ അവകാശങ്ങളും അർഹതകളും പ്രാപ്യമാകുന്നതിനും പൊതുജനസേവനത്തിനും സാഹചര്യം സൃഷ്ടിച്ചുകൊണ്ട് ഒത്തുചേരലിനും തല്പരകക്ഷികളുമായുള്ള പങ്കാളിത്തത്തിനും ഉള്ള ഒരു വേദികൂടിയായും പ്രവർത്തിക്കുന്നു. ബലവത്തായ സ്ഥാപനങ്ങളുടെ സൃഷ്ടിയിൽ കൂടിയാണ് ഈ ലക്ഷ്യത്തിലെത്തുക.

**1.3** പരസ്പര ചേർച്ചയുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു കൂടുന്ന വനിതകളുടെ ഒരു സ്വയം സഹായ സംഘം (SHG) ആണ് DAY-NRLM എന്ന സാമൂഹ്യ സ്ഥാപനത്തിന്റെ രൂപകല്പനയുടെ പ്രാഥമിക നിർമാണ ശില. സ്വയം സഹായ സംഘങ്ങളും അവയുടെ ഗ്രാമീണ തലത്തിലും അതിനുമുകളിലുമുള്ള ഫെഡറേഷനുകളുമടക്കമുള്ള, പാവപ്പെട്ട സ്ത്രീകളുടെ സ്ഥാപനങ്ങളെ കെട്ടിപ്പടുക്കുകയും പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലാണ് DAY-NRLM ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. കടുത്ത ദാരിദ്ര്യ ത്തിൽനിന്നും പുറത്തുകടക്കുന്നതുവരെ (5-7 വർഷംവരെ)

പാവപ്പെട്ടവരുടെ സ്ഥാപനങ്ങൾക്കു മിഷൻ തുടർച്ചയായി സഹായം നൽകുന്നുണ്ട്. DAY-NRLMനു കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യസ്ഥാപന സംവിധാനം ദീർഘകാലയളവിലേക്കും കൂടിയ തീവ്രതയോടെയും ഉള്ള സഹായം നൽകുന്നതാണ്.

**1.4** DAY-NRLM നൽകുന്ന പിന്തുണ, സംഘങ്ങളുടെ സർവതോമുഖമായ ശേഷി സൃഷ്ടിക്കലിലൂടെ അംഗങ്ങളെ സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളിലുമുള്ള കാര്യക്ഷമമായ പ്രവർത്തനം, സാമ്പത്തിക നിർവ്വഹണം, പ്രാരംഭ ധനസഹായം ലഭ്യമാക്കലിലൂടെ അരക്ഷിതാവസ്ഥ തരണം ചെയ്യാനും, കടങ്ങൾ വീട്ടാനും സഹായിക്കൽ, സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ രൂപീകരണവും പരിപോഷണവും, ഫെഡറേഷനുകളെ ബലവത്തായ സഹായ സംഘടനകളായി പരിണമിപ്പിക്കൽ, പാവപ്പെട്ടവരുടെ ഉപജീവനമാർഗ്ഗങ്ങൾ സ്ഥായിയാക്കൽ, ഉപജീവന മാർഗങ്ങൾ പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങളുടെ രൂപീകരണവും പരിപോഷണവും, ഗ്രാമീണ യുവജനങ്ങളുടെ നൈപുണ്യ വികസനത്തിലൂടെ സ്വന്തം സംരംഭങ്ങൾ ആരംഭിക്കൽ, അഥവാ സംഘടിത മേഖലയിലെ തൊഴിൽ ഏറ്റെടുക്കൽ, മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് അർഹമായ വിഹിതം മുഖ്യ വകുപ്പുകളിൽ നിന്നും നേടിയെടുക്കുന്നതിന് സഹായിക്കൽ തുടങ്ങിയവ ഉറപ്പാക്കുന്നു.

**1.5** ഏപ്രിൽ 2013 മുതൽ DAY-NRLM നടപ്പാക്കൽ ലക്ഷ്യമിട്ടിരുന്നു. സംസ്ഥാനങ്ങൾക്ക് അവശ്യാനുസരണം അവരുടേതായ ദാരിദ്ര്യ ലഘൂകരണ കർമ്മ പദ്ധതികൾ രൂപീകരിക്കാമെന്ന സമീപനമാണ് DAY-NRLM സ്വീകരിച്ചുവന്നത്. സംസ്ഥാന, ജില്ലാ, ബ്ലോക്കു തലങ്ങളിൽ ഉള്ള മാനവവിഭവ ശേഷിയെ തൊഴിൽപരമാക്കാൻ സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ മിഷനുകളെ DAY-NRLM പ്രാപ്തമാക്കുന്നു. ഗ്രാമങ്ങളിലെ പാവപ്പെട്ടവർക്ക് ഗുണമേന്മയുള്ള അനവധി സേവനങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന മിഷനുകളെ പ്രാപ്തമാക്കിയിട്ടുണ്ട്. നിരന്തരമായ കഴിവ് വളർത്തിയെടുക്കൽ, ആവശ്യമായ നൈപുണ്യം പ്രദാനം ചെയ്യൽ, പാവപ്പെട്ടവരെ സംഘടിത മേഖലയിൽ ഉൾപ്പെടെ ഉണ്ടാകുന്ന ഉപജീവന മാർഗ്ഗ അവസരങ്ങളുമായി ബന്ധപ്പെടുത്തൽ, ദാരിദ്ര്യനിർമ്മാർജ്ജന ശ്രമങ്ങളുടെ ഫല നിരീക്ഷണം എന്നിവയ്ക്ക് DAY-NRLM ഊന്നൽ നൽകുന്നു. സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകൾ, പങ്കാളിത്ത സ്ഥാപനങ്ങൾ, അല്ലെങ്കിൽ സന്നദ്ധ സംഘടനകൾ എന്നിവ മുഖേന DAY-NRLM ന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ചു നടപ്പാക്കുന്ന ബ്ലോക്കുകളും ജില്ലകളും തീവ്ര പ്രവർത്തന ബ്ലോക്കുകളും ജില്ലകളും ആയിരിക്കും. സംസ്ഥാനങ്ങൾ തീവ്ര പ്രവർത്തന ജില്ലകൾ തെരഞ്ഞെടുക്കുന്നത് ജനവിഭാഗങ്ങളുടെ അരക്ഷിതത്വ അവസ്ഥയെ ആധാരമാക്കിയാണ്. യഥാകാലം എല്ലാ ബ്ലോക്കുകളും ജില്ലകളും തീവ്ര പ്രവർത്തനാത്മകമാക്കി മാറ്റുവാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. DAY-NRLMന്റെ പ്രധാന പ്രത്യേകതകൾ അനുബന്ധം-1 ൽ കൊടുത്തിരിക്കുന്നു.

## 2 വനിതാ സ്വയംസഹായ സംഘങ്ങളും അവയുടെ ഫെഡറേഷനുകളും

**2.1** DAY-NRLM പ്രകാരം രൂപീകരിക്കപ്പെടുന്ന വനിതാ സ്വയംസഹായ സംഘങ്ങളുടെ അംഗസംഖ്യ 10 മുതൽ 20 വരെ ആയിരിക്കും. പ്രത്യേക സ്വയം

സഹായ സംഘങ്ങളിൽ, അതായത് ദുർഘട പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ, അംഗപരിമിതർ ഉൾപ്പെടുന്ന സംഘങ്ങൾ, വിദൂര പ്രദേശങ്ങളിൽ ആദിവാസികൾക്കുവേണ്ടി രൂപീകരിച്ച സ്വയംസഹായ സംഘങ്ങൾ എന്നിവയിൽ അംഗങ്ങളുടെ എണ്ണം 5 ആയാലും മതിയാകും.

**2.2** DAY-NRLM പരസ്പരം ചേർച്ച ഉള്ള വനിതാ സ്വയംസഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

**2.3** അംഗപരിമിതികളുള്ള വ്യക്തികൾ, മറ്റു പ്രത്യേക വിഭാഗങ്ങളായ വയോധികർ, ഭിന്ന ലിംഗ വ്യക്തികൾ എന്നിവർ രൂപീകരിക്കുന്ന സ്വയംസഹായ സംഘങ്ങളിൽ വനിതകളെയും പുരുഷന്മാരെയും അംഗങ്ങളാക്കുന്നു.

**2.4** 1991 ജൂലായ് 24-)o തീയതിയിലെ RPCD.No.PlanBC.13/PL-09.22/90-91 നമ്പർ സർക്കുലർ പ്രകാരം ഒരു സ്വയം സഹായ സംഘം അനൗപചാരികമായി പ്രവർത്തിക്കുന്ന കൂട്ടായ്മ ആകയാൽ ഏതെങ്കിലും സൊസൈറ്റീസ് ആക്റ്റ്, സംസ്ഥാന സഹകരണ നിയമം, പങ്കാളിത്ത സ്ഥാപന നിയമം എന്നിവ പ്രകാരം ഉള്ള രജിസ്ട്രേഷൻ അതിനു് ആവശ്യമില്ല. എന്നാൽ ഗ്രാമം, പഞ്ചായത്ത്, ക്ലസ്റ്റർ അഥവാ അതിലും ഉയർന്ന തലത്തിൽ പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങളുടെ ഫെഡറേഷനുകൾ അതാതു സംസ്ഥാനങ്ങളിൽ നിലവിലിരിക്കുന്ന അനുയോജ്യമായ നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. **സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം - ചാക്രിക സഹായനിധി (Revolving Fund):** നിലവിൽ വന്നിട്ട് കുറഞ്ഞത് 3 മാസം മുതൽ 6 മാസംവരെ ആയതും നല്ല സ്വയംസഹായ സംഘങ്ങളുടെ തുടർന്ന് പറയുന്ന അഞ്ചു മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സംഘങ്ങൾക്ക് ചാക്രിക സഹായനിധിയിൽ നിന്നും സഹായം നൽകുന്നതാണ്. സ്വയംസഹായസംഘങ്ങൾ പിന്തുടരേണ്ട പഞ്ച ശീലങ്ങൾ: ക്രമമായി യോഗം ചേരൽ, ക്രമമായ സമ്പാദ്യം സ്വരൂപിക്കൽ, ക്രമമായ ആഭ്യന്തര വായ്പ നൽകൽ, ക്രമമായുള്ള തിരിച്ചടവ്, ക്രമമായി വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കൽ. മുമ്പ് തുടർസഹായ നിധിയിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലാത്ത ഓരോ സംഘത്തിനും കുറഞ്ഞതു 10000/- രൂപയും പരമാവധി 15000/- രൂപയും സഞ്ചിത നിധി (corpus) ആയി ലഭിക്കുന്നതാണ്. തുടർ സഹായനിധി ലക്ഷ്യമിടുന്നത് അവരുടെ സ്ഥാപനപരവും ധനപരവുമായ നടത്തിപ്പിനുള്ള ക്ഷമത ബലപ്പെടുത്തലും സംഘത്തിനുള്ളിൽ ഒരു നല്ല വായ്പാചരിത്രം കെട്ടിപ്പടുക്കലുമാണ്.

4. **ദീൻ ദയാൽ അന്ത്യോദയ പദ്ധതി-ദേശീയ ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനു കീഴിൽ മൂലധന സബ്സിഡി തുടരുന്നതല്ല.**

DAY-NRLM നടപ്പിലാക്കുന്ന തീയതി മുതൽ ഒരു സ്വയംസഹായ സംഘത്തിനും മൂലധന സബ്സിഡി അനുവദിക്കുന്നതല്ല.

**5. സാമൂഹിക നിക്ഷേപ സഹായനിധി (Community Investment Support Fund)**

തീവ്ര പ്രവർത്തന ബ്ലോക്കുകളിൽ പ്രവർത്തിച്ചുവരുന്ന സ്വയംസഹായ സംഘങ്ങൾക്ക് വേണ്ടി ഗ്രാമ തലത്തിൽ അഥവാ കൂട്ട്സംഘങ്ങളായി പ്രവർത്തിക്കുന്ന ഫെഡറേഷനുകൾക്ക് സ്ഥായിയായ സാമൂഹിക നിക്ഷേപ സഹായനിധി ലഭ്യമാക്കും. ഫെഡറേഷനുകൾ പ്രസ്തുത സഹായനിധി ഉപയോഗിക്കേണ്ടത് സ്വയംസഹായ സംഘങ്ങൾക്ക് വായ്പകൾ ലഭ്യമാക്കുന്നതിനും ഒപ്പം പൊതുവായ/ കൂട്ടായ സാമൂഹിക-സാമ്പത്തിക പ്രവർത്തനങ്ങൾക്കു വേണ്ടിയുമായിരിക്കണം.

**6. പലിശയിളവ് (Interest Subvention):** വനിതാ സ്വയംസഹായ സംഘങ്ങൾ ബാങ്കുകളിൽനിന്നും/ ധനസ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന പരമാവധി 3 ലക്ഷം രൂപവരെയുള്ള വായ്പയുടെ പലിശ നിരക്കും 7%വും തമ്മിലുള്ള വ്യത്യാസത്തിനു തുല്യമായ പലിശയിളവിന് DAY-NRLM ൽ വ്യവസ്ഥയുണ്ട്. ഈ പലിശയിളവ് രാജ്യമാസകലം രണ്ട് വിധത്തിൽ ലഭ്യമാണ്.

(i) 250 തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജില്ലകളിൽ പ്രവർത്തിക്കുന്ന വനിതാ സ്വയംസഹായ സംഘങ്ങൾക്ക് പരമാവധി 3 ലക്ഷം രൂപവരെ 7% നിരക്കിൽ ബാങ്കുകൾ വായ്പകൾ നല്കും. കൂടാതെ കൃത്യമായി തിരിച്ചടച്ചാൽ 3% അധിക പലിശയിളവും ലഭ്യമാക്കുന്നതു വഴി ഫലത്തിൽ പലിശനിരക്ക് 4% ആയി കുറയുന്നതാണ്.

(ii) അവശേഷിക്കുന്ന ജില്ലകളിലും ദീൻ ദയാൽ -അന്ത്യോദയ പദ്ധതി-ദേശിയ ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനു കീഴിലുള്ള എല്ലാ വനിതാ സ്വയംസഹായ സംഘങ്ങൾക്കും 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് അവയുടെ പലിശ നിരക്കിനും 7% ത്തിനും തമ്മിലുള്ള വ്യത്യാസത്തിന്മേൽ അതാതു സംസ്ഥാന ഗ്രാമീണ ഉപജീവനമിഷൻ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കു വിധേയമായി പലിശയിളവിന് അർഹതയുണ്ട്. പദ്ധതിയുടെ ഈ ഭാഗത്തിന്റെ നടത്തിപ്പ് സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനിൽ നിക്ഷിപ്തമാണ്.

(2017-18 വർഷം രാജ്യമെമ്പാടും പലിശയിളവ് നൽകലും അതിന്റെ നടത്തിപ്പും സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തെരഞ്ഞെടുക്കപ്പെട്ട 250 ജില്ലകളുടെ പേരുസഹിതം എല്ലാ പൊതു-സ്വകാര്യ മേഖലാ ബാങ്കുകൾക്കും 2017 ഒക്ടോബർ 13-)o തീയതി പ്രത്യേകം സർക്കുലർ മുഖേന നൽകിയിട്ടുണ്ട് അനുബന്ധം-III. പദ്ധതി നടത്തിപ്പ് സംബന്ധിച്ച ശ്രദ്ധേയമായ സവിശേഷതകൾ അനുബന്ധം-II ൽ കാണാം. വരും വർഷങ്ങളിലെ പലിശയിളവ് നൽകൽ സംബന്ധിച്ച ഉത്തരവുകൾ ഭാരത സർക്കാർ / ഭാരതീയ റിസർവ്വ് ബാങ്ക് വാണിജ്യ ബാങ്കുകളെ പ്രത്യേകം അറിയിക്കുന്നതാണ്).

**7 ബാങ്കുകളുടെ കടമകൾ**

**7.1 സമ്പാദ്യ നിക്ഷേപ അക്കൗണ്ടുകൾ ആരംഭിക്കൽ**

**7.1.1 സ്വയംസഹായ സംഘങ്ങളുടെ സമ്പാദ്യ നിക്ഷേപ അക്കൗണ്ടുകൾ (Savings Bank Account) ആരംഭിക്കൽ**

അംഗപരിമിതിയുള്ള അംഗങ്ങൾ ഉൾപ്പെടെയുള്ള വനിതാ സ്വയംസഹായ സംഘങ്ങളുടെയും അവയുടെ ഫെഡറേഷനുകളുടെയും സമ്പാദ്യനിക്ഷേപ അക്കൗണ്ടുകൾ ബാങ്കുകളിൽ ആരംഭിക്കുന്നതോടെ ബാങ്കുകളുടെ പങ്ക് ആരംഭിക്കുന്നു. അംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് സമ്പാദ്യ നിക്ഷേപ അക്കൗണ്ടുകൾ അർഹത ഉണ്ടായിരിക്കും.

സമ്പാദ്യ നിക്ഷേപ ബാങ്ക് അക്കൗണ്ട് തുടങ്ങാൻ നിങ്ങളുടെ ഇടപാടുകാരനെ അറിയുക(KYC) സംബന്ധിയായി നിഷ്കർഷിച്ചിരിക്കുന്ന പരിശോധന ഭാരവാഹികളെ സംബന്ധിച്ച് മാത്രം മതിയാകുന്നതാണ്. അക്കൗണ്ട് ആരംഭിക്കുമ്പോഴോ ഇടപാടുകൾ നടത്തുമ്പോഴോ ബാങ്കുകൾ PAN നിർബന്ധിക്കാൻ പാടില്ലാത്തതും ആവശ്യമുണ്ടെങ്കിൽ ഫോറം 60 ൽ നൽകുന്ന സത്യ പ്രസ്താവന സ്വീകരിക്കേണ്ടതുമാണ്

സ്വയംസഹായ സംഘങ്ങളുടെ നിക്ഷേപ/ വായ്പാ അക്കൗണ്ടുകൾ ബാങ്കുകൾ വെവ്വേറെ സൂക്ഷിക്കേണ്ടതാണ്.

**7.1.2 സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷന്റെ സമ്പാദ്യ നിക്ഷേപ**

**അക്കൗണ്ട് ആരംഭിക്കൽ**

വില്ലജ്, ഗ്രാമപഞ്ചായത്ത്, കൂട്ടായ്മ അഥവാ അതിലും ഉയർന്ന തലങ്ങളിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങളുടേതായ ഫെഡറേഷനുകളുടെ സമ്പാദ്യ നിക്ഷേപ അക്കൗണ്ടുകൾ ബാങ്കുകൾ ആരംഭിക്കേണ്ടതാണ്. ഇത്തരം അക്കൗണ്ടുകൾ വ്യക്തികളുടെ സംഘങ്ങളുടേത് എന്ന വിഭാഗത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ഭാരതീയ റിസർവ്വ് ബാങ്ക് സമയാസമയങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന KYC സംബന്ധിയായ മാനദണ്ഡങ്ങൾ അക്കൗണ്ട് തുറക്കുന്ന രേഖകളിൽ കൈയ്യൊപ്പിട്ടിരിക്കുന്നവർക്ക് ബാധകം ആയിരിക്കും.

7.1.3 **സ്വയംസഹായ സംഘങ്ങളുടേയും അവരുടെ ഫെഡറേഷന്റെയും സമ്പാദ്യ നിക്ഷേപ അക്കൗണ്ടുകളിന്മേലുള്ള ഇടപാടുകൾ**

സ്വയംസഹായ സംഘങ്ങളെയും ഫെഡറേഷനുകളെയും അവരുടെ ഇടപാടുകൾ പതിവായി അക്കൗണ്ടുകൾ മുഖേന നടത്താൻ പ്രോത്സാഹിപ്പിക്കണം. ഇതിനായി സംയുക്തമായി പ്രവർത്തിപ്പിക്കുന്ന, സ്വയംസഹായ സംഘങ്ങളുടെയും ഫെഡറേഷനുകളുടെയും സംയുക്ത സമ്പാദ്യ നിക്ഷേപ അക്കൗണ്ടുകൾ മുഖേനയുള്ള ഇടപാടുകൾ ബിസിനസ് കറസ്പോണ്ടന്റുകൾ കൈകാര്യം ചെയ്യുന്ന ചില്ലറ ഔട്ട്ലെറ്റുകൾ മുഖേനയും സാധ്യമാകുന്നതിനുള്ള സൗകര്യങ്ങൾ ബാങ്കുകൾ ചെയ്തു കൊടുക്കേണ്ടതാണ്. 2014 ജൂൺ 24ന് പുറത്തിറക്കിയ സർക്കുലർ DBOD.No.BAPD.BC122/22.01.009/13-14 പ്രകാരം സ്വയംസഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും എല്ലാവിധ സഹായങ്ങളും ബിസിനസ് കറസ്പോണ്ടന്റു പ്രതിനിധികൾ മുഖേന അനുവദിക്കപ്പെട്ടിട്ടുള്ളതാണ്.

7.2 **വായ്പാ മാനദണ്ഡങ്ങൾ**

7.2.1 **സ്വയംസഹായ സംഘങ്ങൾക്ക് വായ്പ നേടാനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ**

*ബാങ്കിൽ സമ്പാദ്യ നിക്ഷേപ അക്കൗണ്ടു തുടങ്ങിയ തീയതിയിൽ നിന്നും അല്ല, മറിച് കണക്കുപുസ്തക പ്രകാരം കുറഞ്ഞത് കഴിഞ്ഞ ആറുമാസമായി സജീവമായി പ്രവർത്തിച്ചുവരുന്ന സ്വയംസഹായ സംഘം ആയിരിക്കണം.

*ക്രമമായി യോഗം ചേരൽ, കൃത്യമായി സമ്പാദ്യം ഉണ്ടാക്കൽ, സംഘത്തിനകത്തു ക്രമമായി അന്യോന്യം വായ്പ നൽകൽ, ക്രമമായ തിരിച്ചടവ്, നാളിതുവരെയുള്ള കണക്കുസൂക്ഷിക്കൽ എന്നീ പഞ്ചശീലങ്ങൾ സ്വയംസഹായ സംഘം പ്രാബല്യത്തിൽ വരുത്തിയിരിക്കണം

*നബാർഡ് നിഷ്കർഷിച്ചിരിക്കുന്ന തരംതിരിക്കൽ മാനദണ്ഡങ്ങൾ പ്രകാരം അർഹത നേടിയിരിക്കണം. സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ നിലവിൽവരുന്നത് മുതൽ, ബാങ്കുകളെ സഹായിക്കാൻ ഫെഡറേഷനുകൾക്ക് തരംതിരിക്കൽ പ്രക്രിയ നടപ്പാക്കാവുന്നതാണ്.

*.നിലവിലുള്ള നിഷ്ക്രിയ സ്വയംസഹായ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കപ്പെടുകയും കുറഞ്ഞത് 3 മാസമെങ്കിലും പ്രവർത്തന നിരതമായി തുടരുകയും ചെയ്താൽ അത്തരം സംഘങ്ങൾക്കും വായ്പയ്ക്ക് അർഹതയുണ്ടാകുന്നതാണ്.

7.2.2 **വായ്പാ അപേക്ഷ :**

SHG കൾക്ക് വായ്പ ലഭിക്കുന്നതിന് IBA ശുപാർശ ചെയ്തിട്ടുള്ള പൊതു അപേക്ഷ ഫോറം ആണ് എല്ലാ ബാങ്കുകളും ഉപയോഗിക്കേണ്ടത്.

**7.2.3 വായ്പ തുക**

DAY-NRLM പ്രകാരം സഹായം പല തവണകളായി നൽകുന്നതിനാണ് ഊന്നൽ നല്കിയിരിക്കുന്നത്. ജീവിതനിലവാരം ഉയർത്തുവാനും സ്ഥായിയായ ജീവനോപാധികൾ ഏറ്റെടുക്കാനും ഉയർന്ന തുകയ്ക്കുള്ള വായ്പകൾ ആവർത്തിച്ചുള്ള തവണകളായി നൽകുന്നതുവഴി സ്വയംസഹായ സംഘങ്ങളെ കുറേകാലത്തേയ്ക്കു സഹായിക്കുക എന്നാണർത്ഥം.

കാലാവധി വായ്പകളോ (TL) ക്യാഷ് ക്രെഡിറ്റ് ലിമിറ്റുകളോ (CCL)അഥവാ ഈ രണ്ടുതരം വായ്പകളും കൂടിയോ ആവശ്യാനുസരണം സംഘങ്ങൾക്ക് നേടാവുന്നതാണ്. മുമ്പു കിട്ടിയ വായ്പ ബാക്കിനിൽപുണ്ടെങ്കിൽ കൂടി ആവശ്യമുള്ളപക്ഷം അധികവായ്പ നല്കാവുന്നതാണ്.

വിവിധ വായ്പാ സൗകര്യങ്ങൾക്ക് കീഴിൽ അനുവദിക്കാവുന്ന തുക താഴെ പറയുന്ന പ്രകാരമായിരിക്കണം.

ക്യാഷ് ക്രെഡിറ്റ് ലിമിറ്റ് (CCL): ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടുകളിൽ ഓരോ സ്വയംസഹായ സംഘത്തിനും കുറഞ്ഞത് 5 ലക്ഷം രൂപവരെ 5 വർഷകാലയളവിലേക്ക് പണം പിൻവലിക്കുന്നതിനുള്ള വാർഷിക പരിധി സഹിതം (Drawing Power) അനുവദിക്കേണ്ടതാണ്. സ്വയംസഹായ സംഘത്തിന്റെ തിരിച്ചടവ് മികവ് ആധാരമാക്കി ഈ അക്കൗണ്ടിൽ നിന്നും പണമെടുക്കുന്നതിനുള്ള അധികാരം ആണ്ടുതോറും ഉയർത്താവുന്നതാണ്. പണമെടുക്കുവാനുള്ള പരിധി താഴെകൊടുത്തിരിക്കുന്നതുപ്രകാരം കണക്കാക്കാം.

*ഒന്നാംവർഷം പണമെടുക്കാനുള്ള പരിധി: നിലവിലുള്ള സഞ്ചിത നിധിയുടെ (corpus) 6 മടങ്ങോ ഒരു ലക്ഷം രൂപയോ ഏതാണോ കൂടുതൽ ആ തുക.

*രണ്ടാം വർഷം പണമെടുക്കാനുള്ള പരിധി:- അവലോകനം ചെയ്യുന്ന/ വർധിപ്പിക്കുന്ന സമയം ഉള്ള സഞ്ചിത നിക്ഷേപത്തിന്റെ 8 മടങ്ങോ അഥവാ രണ്ടു ലക്ഷമോ ഏതാണോ കൂടുതൽ, ആ തുക.

*മൂന്നാംവർഷം പണമെടുക്കാനുള്ള പരിധി: SHG യുടെ മുൻകാല വായ്പാ തിരിച്ചടവ് ചരിത്രവും സംഘം തയ്യാറാക്കി ഫെഡറേഷൻ പിന്തുണ നൽകുന്ന ഏജൻസി വിലയിരുത്തിയതുമായ സൂക്ഷ്മ വായ്പാ പദ്ധതി അടിസ്ഥാനമാക്കി കുറഞ്ഞത് 3 ലക്ഷം രൂപ

*നാലാം വർഷം മുതൽ പണമെടുക്കാനുള്ള പരിധി: മുൻകാല വായ്പാ തിരിച്ചടവ് ചരിത്രവും സംഘം തയ്യാറാക്കി ഫെഡറേഷൻ പിന്തുണ നൽകുന്ന ഏജൻസി വിലയിരുത്തിയതുമായ സൂക്ഷ്മ വായ്പാ പദ്ധതി അടിസ്ഥാനമാക്കി കുറഞ്ഞത് 5 ലക്ഷം രൂപ

**കാലാവധി വായ്പ:** കാലാവധി വായ്പകൾ ബാങ്കുകൾ താഴെകൊടുത്തിരിക്കുന്നതു പ്രകാരം ഗഡുക്കളായി നല്കേണ്ടതാണ്.

*ആദ്യഗഡു: നിലവിലുള്ള സഞ്ചിത നിധി നിക്ഷേപത്തിന്റെ 6 ഇരട്ടി അഥവാ ഒരു ലക്ഷം രൂപ ഏതാണോ കൂടുതൽ ആ തുക.

*രണ്ടാം ഗഡു: നിലവിലുള്ള സഞ്ചിത നിധി നിക്ഷേപത്തിന്റെ 8 ഇരട്ടിയോ രണ്ടു ലക്ഷം രൂപയോ ഏതാണോ കൂടുതൽ ആ തുക.

മൂന്നാം ഗഡു: മുൻകാല വായ്പാ തിരിച്ചടവ് ചരിത്രവും സംഘം തയ്യാറാക്കി ഫെഡറേഷൻ പിന്തുണ നൽകുന്ന ഏജൻസി വിലയിരുത്തിയതുമായ സൂക്ഷ്മ

വായ്പാ പദ്ധതി അടിസ്ഥാനമാക്കി കുറഞ്ഞത് 3 ലക്ഷം രൂപ
നാലാം ഗഡു:- മുൻകാല വായ്പാ തിരിച്ചടവ് ചരിത്രവും സംഘം തയ്യാറാക്കി ഫെഡറേഷൻ പിന്തുണ നൽകുന്ന ഏജൻസി വിലയിരുത്തിയതുമായ സൂക്ഷ്മ വായ്പാ പദ്ധതി അടിസ്ഥാനമാക്കി കുറഞ്ഞത് 5 ലക്ഷം രൂപ

അർഹരായ സ്വയം സഹായ സംഘങ്ങൾക്ക് വായ്പകൾ ആവർത്തിച്ചു ലഭ്യമാക്കുന്നു എന്നുറപ്പാക്കാൻ ആവശ്യമായ നടപടികൾ ബാങ്കുകൾ സ്വീകരിക്കേണ്ടതുണ്ട്. ബാങ്കുകൾ DAY-NRL മിഷനുമായി ചേർന്ന് SHG കളുടെ വായ്പാ അപേക്ഷകൾ സാങ്കേതിക വിദ്യയിലൂടെ ഓൺ ലൈനായി സമർപ്പിക്കാനും അവയുടെ ഗതിപഥം നിരീക്ഷിക്കുന്നതിനും യഥാസമയമുള്ള തീർപ്പാക്കൽ ഉറപ്പുവരുത്തുവാനും ആവശ്യമായ സംവിധാനം ഒരുക്കേണ്ടതാണ്.

(സ്വയംസഹായ സംഘങ്ങളുടെ സഞ്ചിത നിക്ഷേപ ധനം എന്നത് അതിനു ലഭിച്ചിട്ടുള്ള തുടർസഹായനിധി, സ്വന്തം നിക്ഷേപങ്ങൾ, അംഗങ്ങൾക്കു വായ്പ നൽകിയതിലൂടെ ലഭ്യമായ പലിശ വരുമാനം, മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം, മറ്റു സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയിൽനിന്നും ലഭ്യമായ തുക എന്നിവ ഉൾപ്പെട്ടതാണ്.)

7.3) **വായ്പയുടെ ഉദ്ദേശ്യവും തിരിച്ചടവും:**

7.3.1)സ്വയംസഹായ സംഘങ്ങൾ തയ്യാറാക്കിയ സൂക്ഷ്മ വായ്പാപദ്ധതി പ്രകാരം വായ്പതുക അംഗങ്ങൾക്കു വിതരണം ചെയ്യപ്പെടും. അംഗങ്ങളുടെ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ, ഉയർന്ന ചെലവുള്ള വായ്പകളുടെ തിരിച്ചടവിനോ, വീടുപണിയുവാനോ/ വീടിന്റെ അറ്റകുറ്റ പണിക്കോ, ശൗചാലയങ്ങളുടെ നിർമ്മിതിയ്ക്കോ അംഗങ്ങൾക്ക് സംഘത്തിനുള്ളിൽ സ്ഥായിയായ ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നതിനോ അല്ലെങ്കിൽ സംഘങ്ങൾ തുടങ്ങിയിട്ടുള്ള നിലനിൽപിന് കഴിവുള്ള പൊതുസംരംഭത്തിന് വേണ്ടി ധനസഹായം ചെയ്യുവാനോ, ഉപയോഗിക്കാവുന്നതാണ്.

7.3.2) SHG അംഗങ്ങളുടെ ഉപജീവനമാർഗങ്ങൾ വിപുലപ്പെടുത്തുന്നതിനു വായ്പ ഉപയോഗിക്കുന്നത് ഉറപ്പാക്കാനായി ഏറ്റവും കുറഞ്ഞത് 2 ലക്ഷം രൂപക്ക്മുകളിലുള്ള വായ്പയുടെ 50 ശതമാനവും 4 ലക്ഷം രൂപക്ക് മുകളിലുള്ളതിന്റെ 75 ശതമാനവും പ്രാഥമികമായും വരുമാനം നൽകുന്ന ഉൽപ്പാദന ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്. വായ്പകളുടെ ഉദ്ദേശവും ഉപയോഗവും തീരുമാനിക്കുന്നതിനുള്ള അടിസ്ഥാനം സംഘങ്ങൾ തയ്യാറാക്കുന്ന സൂക്ഷ്മ വായ്പാ പദ്ധതി ആയിരിക്കും.

7.3.3) തിരിച്ചടവ് പട്ടിക താഴെകൊടുത്തിരിക്കുന്നതുപോലെയാകാം:

*ആദ്യ വർഷ/ ആദ്യ ഗഡു വായ്പ പ്രതിമാസ/ ത്രൈമാസ തവണകളായി 6 –12 മാസങ്ങൾക്കുള്ളിൽ തിരിച്ചടയ്ക്കണം.

*രണ്ടാം വർഷ/ രണ്ടാം ഗഡു വായ്പ പ്രതിമാസ/ ത്രൈമാസ തവണകളായി 12 – 24 മാസങ്ങൾക്കുള്ളിൽ തിരിച്ചടയ്ക്കണം

*മൂന്നാം വർഷ/ മൂന്നാം ഗഡു വായ്പ പ്രതിമാസ/ ത്രൈമാസ തവണകളായി 24 – 36 മാസങ്ങൾക്കുള്ളിൽ തിരിച്ചടയ്ക്കണം

*ലോണിന്റെ നാലാം വർഷ / നാലാം ഗഡു മുതൽ ഉള്ള വായ്പ 3 - 6 വർഷത്തിനിടയിൽ പണലഭ്യത അടിസ്ഥാനമാക്കി പ്രതിമാസ/ ത്രൈമാസ ഇടവേളയിൽ തിരിച്ചടക്കേണ്ടതുണ്ട്.

7.4 **ജാമ്യവും ഇടലാഭവും:** സ്വയംസഹായ സംഘങ്ങളുടെ 10 ലക്ഷം രൂപാ വരെയുള്ള വായ്പകൾക്ക് സമാന്തര ഈടോ ഇടലാഭമോ ചുമത്തേണ്ടതില്ല. വായ്പകൾ അനുവദിക്കുമ്പോൾ സ്വയംസഹായ സംഘങ്ങളുടെ സമ്പാദ്യ നിക്ഷേപ അക്കൗണ്ടുകളിന്മേൽ ലീൻ (lien) രേഖപ്പെടുത്താനോ, വായ്പകൾ അനുവദിക്കുമ്പോൾ നിക്ഷേപം ആവശ്യപ്പെടാനോ പാടില്ല.

7.5 **വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി :**

7.5.1 വായ്പ തിരിച്ചടക്കുന്നതിൽ ബോധപൂർവ്വം വീഴ്ചവരുത്തുന്നവർക്ക് DAY-NRL മിഷനു കീഴിൽ സാമ്പത്തിക സഹായം അനുവദിക്കുന്നത് അഭികാമ്യമല്ല. ബോധപൂർവ്വം വീഴ്ച വരുത്തുന്നവർ സംഘത്തിലെ അംഗങ്ങളാണെങ്കിൽ സംഘത്തിന്റെ മിതവ്യയം, വായ്പ എന്നിവ സംബന്ധമായ പ്രവർത്തനങ്ങളുടെയും തുടർ സഹായ നിധിയിൽ നിന്നുള്ള ധനസഹായത്താൽ സ്വരൂപിക്കപ്പെട്ട സഞ്ചിത നിക്ഷേപത്തിന്റെയും പ്രയോജനം അവർക്കും കൊടുക്കേണ്ടിവരും. എന്നാൽ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾക്കായി സംഘങ്ങൾ ബാങ്ക് ലോൺ എടുക്കുമ്പോൾ ഇത്തരം ബോധപൂർവ്വം വീഴ്ചവരുത്തിയ അംഗങ്ങൾക്ക് അവരുടെ നിലവിലെ കടം പൂർണണമായും തിരിച്ചടക്കുന്നതുവരെ വായ്പകൾക്ക് അർഹതയുണ്ടാവില്ല. സംഘത്തിലെ മന:പൂർവ്വം വീഴ്ചവരുത്തിയ അംഗങ്ങൾക്ക് DAY-NRLM പദ്ധതി പ്രകാരം സഹായം നൽകാവുന്നതല്ല. അവരുടെ പേരുകൾ ഒഴിവാക്കി മാത്രമേ വായ്പാ അപേക്ഷകൾ തയ്യാറാക്കാൻ പാടുള്ളൂ. എന്നാൽ ബാങ്കുകൾ സംഘത്തിന് മൊത്തമായി വായ്പ നിഷേധിക്കുന്നതിന് ഏതെങ്കിലും അംഗങ്ങളുടെ ജീവിത പങ്കാളിയോ ബന്ധുക്കളോ തിരിച്ചടവിൽ വീഴ്ചവരുത്തി എന്നത് കാരണമായിക്കൂടാ. തിരിച്ചടവിൽ മന:പൂർവ്വമല്ലാതെ വീഴ്ചവരുത്തിയ അംഗങ്ങളെ വായ്പ ലഭിക്കുന്നതിൽ നിന്ന് വിലക്കാനും പാടില്ല. കൂടാതെ കുടിശ്ശിക വന്നത് മനഃപൂർവമല്ലാത്ത, സത്യമായ കാരണങ്ങളാൽ ആണെങ്കിൽ അത്തരം വായ്പകൾ നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി പുനഃക്രമീകരിച്ചു പുതുക്കിയ തിരിച്ചടവ് പട്ടിക തയ്യാറാക്കി നൽകേണ്ടതാണ്.

**8 വായ്പാ ലക്ഷ്യ ആസൂത്രണം**

8.1 നബാർഡ് തയ്യാറാക്കിയ സാധ്യതാ ബന്ധിത പദ്ധതി/ സംസ്ഥാന തലത്തിൽ ശ്രദ്ധ ആവശ്യപ്പെടുന്ന വിഷയങ്ങൾ (Potential Linked Plan/ State Focus Paper) ഇവയെ ആസ്പദമാക്കി സംസ്ഥാനതല ബാങ്കേഴ്സ്' സമിതിയുടെ സ്വയം സഹായ സംഘ - ബാങ്ക് യോജിപ്പിക്കൽ ഉപസമിതി ജില്ലാ തലത്തിലും ബ്ലോക്കുതലത്തിലും ബ്രാഞ്ചുതലത്തിലും വായ്പാ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. സംസ്ഥാനത്തിനു ബാധകമായ വായ്പാ ലക്ഷ്യം കണക്കാക്കുന്നതിനു സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകൾ നിർദ്ദേശിക്കുന്ന നിലവിലുള്ള/ പുതുതായി ആരംഭിക്കേണ്ട സ്വയംസഹായ സംഘങ്ങൾ, പുതിയ വായ്പകൾക്കും ആവർത്തന വായ്പകൾക്കും അർഹതയുള്ള സ്വയംസഹായ സംഘങ്ങൾ എന്നിവയെ ഉപസമിതി പരിഗണിക്കേണ്ടതുണ്ട്. അങ്ങനെ നിശ്ചയിക്കപ്പെട്ട വായ്പാ ലക്ഷ്യം സംസ്ഥാനതല ബാങ്കേഴ്സ്' സമിതി അംഗീകരിക്കേണ്ടതും ഫലപ്രദമായ നടത്തിപ്പ് ഉറപ്പാക്കാൻ ആനുകാലിക അവലോകനവും നിരീക്ഷണവും നടത്തേണ്ടതുമാണ്.

8.2 ജില്ലാടിസ്ഥാനത്തിലുള്ള വായ്പാ പദ്ധതികൾ ജില്ലാ ഏകോപന സമിതികളെ അറിയിച്ചിരിക്കണം. ബ്ലോക്ക്/ ക്ലസ്റ്റർ തലത്തിൽ കൈവരിക്കാൻ

ഉദ്ദേശിക്കുന്ന വായ്പാ ലക്ഷ്യം ബാങ്ക് ശാഖകളെ അവയുടെ നിയന്ത്രണാധികാരികൾ (controller) മുഖേന അറിയിക്കേണ്ടതുണ്ട്.

9. **വായ്പാനന്തര തുടർ നടപടി**

9.1 വിതരണം ചെയ്ത വായ്പകളുടെ എല്ലാവിവരങ്ങളും അവയ്ക്ക് ബാധകമായ വ്യവസ്ഥകളും ഉൾക്കൊള്ളിച്ച് പ്രാദേശിക ഭാഷയിലുള്ള പാസ്ബുക്കുകൾ (pass book) അല്ലെങ്കിൽ കണക്കു വിവര സ്റ്റേറ്റ്മെന്റുകൾ സ്വയം സഹായ സംഘങ്ങൾക്ക് നൽകേണ്ടതുണ്ട്. പ്രസ്തുത സംഘങ്ങളുടെ ഓരോ പണമിടപാടും തത്സമയം പാസ് ബുക്കിൽ രേഖപ്പെടുത്തണം. വായ്പാ രേഖ തയ്യാറാക്കുമ്പോഴും വിതരണം ചെയ്യുന്ന ഘട്ടത്തിലും വായ്പയെ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും വ്യക്തമായി ധനകാര്യ സാക്ഷരതയുടെ ഭാഗമായിത്തന്നെ വിശദീകരിച്ചുകൊടുക്കണം.

9.2 സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുവാനും യോഗങ്ങൾ കൂടുന്നതിലെ കൃത്യത, പ്രവർത്തന ക്ഷമത എന്നിവ അവലോകനം ചെയ്യുവാനും രണ്ടാഴ്ചയിലൊരിക്കൽ മുൻ നിശ്ചയിക്കപ്പെട്ട തീയതിയിൽ നടക്കുന്ന ഇത്തരം യോഗങ്ങളിൽ സന്നിഹിതരാകാൻ ബാങ്കുദ്യോഗസ്ഥർക്ക് സാധിക്കേണ്ടതാണ്.

10. **തിരിച്ചടവ് :**

പരിപാടിയുടെ വിജയം സുനിശ്ചിതമാക്കാൻ വായ്പകൾ യഥാസമയം തിരിച്ചടക്കുമെന്ന് ഉറപ്പാക്കണം. ബാങ്കുകൾ വ്യക്തി ബന്ധങ്ങൾ ഉപയോഗപ്പെടുത്തിയും, ജില്ലാ മിഷൻ നടത്തിപ്പ് യൂണിറ്റുകളേയും ജില്ലാ ഗ്രാമീണ വികസന ഏജൻസികളേയും സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ടും തിരിച്ചടവ് ശിബിരങ്ങൾ സംഘടിപ്പിക്കണം. വായ്പ പിരിച്ചെടുക്കലിന്റെ പ്രാധാന്യത്തെ മുൻനിർത്തി വായ്പാതിരിച്ചടവിൽ വീഴ്ചവരുത്തിയ DAY-NRLM ന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങളുടെ പട്ടിക ഓരോമാസവും തയ്യാറാക്കി ബ്ലോക്ക്/ ജില്ലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ബാങ്കു കമ്മിറ്റികളുടെ യോഗങ്ങളിൽ നൽകേണ്ടതുണ്ട്. ഇതുമൂലം ജില്ലാ/ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന DAY-NRLM ഉദ്യോഗസ്ഥർ വായ്പാ തിരിച്ചടവിന് ബാങ്കുകളെ സഹായി ക്കുന്നത് ഉറപ്പാക്കാൻ സാധിക്കും.

11. **സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകളിൽ ബാങ്കുദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ:**

ജില്ലാ മിഷൻ മാനേജ്മെന്റ് യൂണിറ്റുകളുടേയും (DPMUs) ജില്ലാ ഗ്രാമീണ വികസന ഏജൻസികളുടേയും (DRDAs) ശാക്തീകരണത്തിനും മെച്ചപ്പെട്ട വായ്പാ പരിസ്ഥിതി നിലനിർത്തുന്നതിനും ബാങ്കുദ്യോഗസ്ഥരുടെ സാന്നിധ്യം ഗുണകരമാകും എന്ന അഭിപ്രായം ഉയർന്നിട്ടുണ്ട്. തന്മൂലം മെച്ചപ്പെട്ട വായ്പാലഭ്യത സാഹചര്യം ഉണ്ടാകും. സംസ്ഥാന സർക്കാരിലും ജില്ലാ ഗ്രാമീണ വികസന ഏജൻസികളിലും വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നതിന് അവരുമായി കൂടിയാലോചിച്ച് ബാങ്കുകൾക്ക് ഇക്കാര്യം നടപ്പാക്കാവുന്നതാണ്.

12. **പദ്ധതിയുടെ മേൽനോട്ടവും നിരീക്ഷണവും:**

ബാങ്കുകൾക്ക് പ്രാദേശിക/മേഖലാ കാര്യാലയങ്ങളിൽ DAY-NRL മിഷന്റെ സെല്ലുകൾ സ്ഥാപിക്കാം. അവ സ്വയംസഹായ സംഘങ്ങൾക്കുള്ള വായ്പാ ലഭ്യതയുടെ ആനുകാലിക നിരീക്ഷണവും അവലോകനവും നടത്തേണ്ടതും, പദ്ധതി സംബന്ധമായ മാർഗ്ഗരേഖകൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു

വരുത്തേണ്ടതും ബാങ്കുശാഖകളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് മുഖ്യ കാര്യലയത്തിലും ജില്ലാ/ ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന DAY-NRL മിഷന്റെ യൂണിറ്റുകളിലും ലഭ്യമാക്കേണ്ടതുമാണ്. ഈ യൂണിറ്റുകൾ ക്രോഡീകരിച്ച വിവരങ്ങൾ സംസ്ഥാന/ ബ്ലോക്കുതല ബാങ്കേഴ്സ്' സമിതി/ ജില്ലാ ഉപദേശക സമിതി മീറ്റിങ്ങുകളിൽ കൃത്യമായി ചർച്ച ചെയ്യേണ്ടതും അതുവഴി ബാങ്കുകളുമായും സംസ്ഥാന ഉദ്യോഗസ്ഥരുമായും ഫലപ്രദമായ ആശയവിനിമയം നിലനിർത്താവുന്നതുമാണ്.

12.1 **ബാങ്കർമാരുടെ സംസ്ഥാനതല സമിതി:** സ്വയംസഹായ സംഘം - ബാങ്ക് യോജിപ്പിക്കലിനു വേണ്ടി സംസ്ഥാനതല ബാങ്കു സമിതി ഒരു ഉപസമിതി രൂപീകരിക്കണം. ഈ ഉപ സമിതിയിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകളുടേയും പ്രതിനിധികൾ, റിസർവ്വ് ബാങ്ക്, നബാർഡ്, സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷന്റെ മുഖ്യനിർവ്വഹണാധികാരി, സംസ്ഥാന ഗ്രാമീണവികസന വകുപ്പു പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളായിരിക്കണം. ഉപസമിതി മാസത്തിലൊരിക്കൽ ചേരേണ്ടതും, വായ്പാലക്ഷ്യം നേരിടുന്നതിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സ്വയം സഹായ സംഘം - ബാങ്ക് യോജിപ്പിക്കലിന്റെ അവലോകനം, നടപ്പാക്കൽ, നിരീക്ഷണം എന്നിവയും ആ മീറ്റിങ്ങിന്റെ പ്രത്യേക കാര്യ പരിപാടിയായിരിക്കുകയും വേണം. സംസ്ഥാനതല ബാങ്കു സമിതിയുടെ തീരുമാനങ്ങൾ ഉപസമിതിയുടെ റിപ്പോർട്ടിന്റെ അപഗ്രഥനത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്.

12.2 **ജില്ലാ ഏകോപനസമിതി:** ജില്ലാ ഏകോപന സമിതി (DAY-NRLM ഉപസമിതി) സ്വയംസഹായ സംഘങ്ങൾക്ക് ജില്ലാ തലത്തിൽ ഉള്ള വായ്പാ ഒഴുക്ക് പതിവായി അവലോകനം ചെയ്യേണ്ടതും അക്കാര്യത്തിൽ നേരിടുന്ന തടസ്സങ്ങൾക്ക് പരിഹാരം കാണേണ്ടതുമാണ്. ഈ സമിതിയുടെ മീറ്റിങ്ങിൽ നബാർഡിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ, ലീഡ് ജില്ലാ മാനേജർ (LDM), ബാങ്കുകളുടെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നവർ, DAY-NRL മിഷനെ പ്രതിനിധീകരിച്ച് DPMU ഉദ്യോഗസ്ഥർ, സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷന്റെ ഔദ്യോഗിക ഭാരവാഹികൾ എന്നിവർ നിശ്ചയമായും പങ്കെടുത്തിരിക്കണം.

12.3 **ബ്ലോക്കുതല സമിതി (BLBC):** ബ്ലോക്കുതലത്തിൽ സ്വയംസഹായ സംഘ - ബാങ്കു യോജിപ്പിക്കലിൽ നേരിടുന്ന പ്രശ്നങ്ങൾ പതിവായി നടക്കുന്ന ബാങ്കർമാരുടെ ബ്ലോക്കുതല സമിതികളിൽ ഉന്നയിക്കണം. ഈ കമ്മിറ്റിയിൽ സ്വയംസഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കാൻ വേണ്ടി നിശ്ചയമായും അംഗത്വം നൽകിയിരിക്കണം. ബ്രാഞ്ചുകൾ സ്വയംസഹായ സംഘങ്ങൾക്ക് നല്കിയ വായ്പയുടെ തൽസ്ഥിതി ബാങ്കർമാരുടെ ബ്ലോക്കുതല സമിതി അവലോകനം ചെയ്യണം (അനുബന്ധം ബി യും, സി യും ഇതിലേക്കുപയോഗിക്കാം.)

12.4 **ലീഡ് ജില്ലാ മാനേജർമാർക്ക് റിപ്പോർട്ട് നൽകൽ:**

ബാങ്ക് ബ്രാഞ്ചുകൾ DAY-NRL മിഷന്റെ വിവിധ പ്രവർത്തനങ്ങളിലുള്ള പുരോഗതി, വീഴ്ച എന്നിവ സംബന്ധിച്ച റിപ്പോർട്ട് അനുബന്ധം IV, അനുബന്ധം V പ്രകാരം ഉള്ള നിർദ്ദിഷ്ഠ മാതൃകയിൽ ഓരോ മാസവും ലീഡ് ജില്ലാ മാനേജർക്കും അദ്ദേഹം അത് ബാങ്കർമാരുടെ സംസ്ഥാനതല സമിതിയാൽ രൂപീകരിക്കപ്പെട്ട പ്രത്യേക സ്റ്റീറിംഗ് കമ്മിറ്റിക്ക്/ ഉപ സമിതിക്ക്

സമർപ്പിക്കേണ്ടതുമാണ്.

12.5 **റിസർവ് ബാങ്കിനു റിപ്പോർട്ടു സമർപ്പി ക്കൽ**

DAY-NRL മിഷൻ കൈവരിച്ച പുരോഗതി സംബന്ധമായി സംസ്ഥാനതലത്തിൽ ഒന്നിച്ചുള്ള ഒരു റിപ്പോർട്ട് ത്രൈമാസ ഇടവേളകളിൽ ഓരോ ഇടവേളയും കഴിഞ്ഞു ഒരു മാസത്തിനകം റിസർവ്വ് ബാങ്കിനും നബാർഡിനും നൽകേണ്ടതാണ്

12.6 LBR റിട്ടേൺ: ശരിയായ കോഡുകൾ സഹിതം LBR റിട്ടേൺ സമർപ്പിക്കുന്ന നിലവിലുള്ള രീതി തുടരേണ്ടതാണ്.

13. **വിവരങ്ങൾ പങ്കു വയ്ക്കൽ:**

പരസ്പരം സമ്മതിച്ച പ്രകാരമുള്ള രൂപമാതൃകയിലും ഇടവേളകളിലും DAY-NRL മിഷന് അല്ലെങ്കിൽ സംസ്ഥാന ഗ്രാമീണ ഉപജിവന മിഷനുകൾക്ക് വായ്പ പിരിച്ചെടുക്കൽ തുടങ്ങിയ വിവിധ തന്ത്രങ്ങൾ ഒരുക്കുന്നതിന് വേണ്ടി വിവരങ്ങൾ പങ്കു വയ്ക്കാവുന്നതാണ്. SHG കൾക്ക് നൽകുന്ന വായ്പയുടെ വിവരം ബാങ്കുകൾ കോർ ബാങ്കിംഗ് സൊലൂഷൻ പ്ലാറ്റ്ഫോം വഴി നേരിട്ട് DAY-NRLM മിഷനുമായും സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനുകളുമായും പങ്കുവയ്ക്കേണ്ടതാണ്.

14. **ബാങ്കുകൾക്കുള്ള DAY-NRL മിഷ ന്റെ സഹായം**

14.1 സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷൻ പ്രധാനപ്പെട്ട ബാങ്കുകളുമായി വിവിധ തലങ്ങളിൽ തന്ത്രപരമായ പങ്കാളിത്തം വികസിപ്പിക്കേണ്ടതുണ്ട്. ബാങ്കുകൾക്കും പാവപ്പെട്ട ജനവിഭാഗങ്ങൾക്കും ഒരു പോലെ ഗുണകരമായ പരസ്പരബന്ധം വികസിപ്പിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

14.2 സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷൻ സാമ്പത്തിക സാക്ഷരത പകർന്നുകൊടുക്കുക, സമ്പാദ്യവും വായ്പയും സംബന്ധിച്ച ഉപദേശസഹായങ്ങൾ നൽകുക, ശേഷി സൃഷ്ടിക്കലിൽ അധിഷ്ഠിതമായ സൂക്ഷ്മ നിക്ഷേപാസൂത്രണത്തിൽ പരിശീലനം നൽകുക തുടങ്ങിയ സേവനങ്ങൾ സ്വയംസഹായ സംഘങ്ങൾക്ക് നൽകേണ്ടതാണ്.

14.3 സ്വയംസഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ബാങ്കു ശാഖകളിൽ ഇടപാടുകാരുമായുള്ള ബന്ധം നോക്കി നടത്തുന്ന മാനേജർമാരെ നിയമിച്ച് ബാങ്കുമിത്ര/ ബാങ്കുസഖി തുടങ്ങിയ സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനുകൾ പാവപ്പെട്ട ഇടപാടുകാർക്ക് നൽകുന്ന ബാങ്കിംഗ് സേവനങ്ങളുടെ ഗുണനിലവാരം ഉയർത്താനും പാവപ്പെട്ടവരുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട സഹായം ലഭ്യമാക്കുവാനും ശ്രമിക്കേണ്ടതാണ്.

14.4 മൊബൈൽ വിവര സാങ്കേതിക വിദ്യയേയും പാവപ്പെട്ടവർക്കും യുവാക്കൾക്കും, സ്വയംസഹായ സംഘത്തിലെ അംഗങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ബിസിനസ് എളുപ്പമാക്കുന്നവരായും ബിസിനസ് കറസ്പോണ്ടന്റ്മാരായും പ്രയോജനകരമായി ഉപയോഗപ്പെടുത്തണം.

14.5 **സമൂഹാധിഷ്ഠിത തിരിച്ചടവ് രീതി(CBRM)**

സ്വയംസഹായ സംഘം - ബാങ്ക് യോജിപ്പിക്കലിന് മാത്രമായി ഒരു പ്രത്യേക ഉപസമിതി ഗ്രാമ/ ബ്ലോക്ക്/ ക്ലസ്റ്റർ തലത്തിൽ രൂപീകരിക്കേണ്ടതും ഈ സമിതി വായ്പയുടെ ശരിയായ ഉപയോഗം, തിരിച്ചടവ് തുടങ്ങിയവ ഉറപ്പാക്കുവാൻ ബാങ്കുകൾക്കു സഹായം നൽകേണ്ടതുമാണ്. ഓരോ ഗ്രാമതല ഫെഡറേഷനിൽ

നിന്നും ഈ ഉപസമിതിയിലുള്ള അംഗങ്ങളും പദ്ധതിനടത്തിപ്പിനുള്ള ഉദ്യോഗസ്ഥരും ചേർന്ന് മാസത്തിലൊരിക്കൽ ബാങ്കു മാനേജരുടെ അദ്ധ്യക്ഷതയിൽ ബാങ്കു പരിസരത്തുതന്നെ ബാങ്ക് യോജിപ്പിക്കലുമായി ബന്ധമുള്ള വിഷയം കാര്യപരിപാടിയായി നിശ്ചയിച്ച് യോഗം ചേരേണ്ടതാണ്.

**അനുബന്ധം-I**

**ദീൻ ദയാൽ അന്ത്യോദയ പദ്ധതി-ദേശീയ ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷന്റെ മുഖ്യ സവിശേഷതകൾ**

**1.സാർവ്വത്രിക സാമൂഹ്യ സ്വരുക്കൂട്ടൽ :** തുടക്കത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗ്രാമീണ ദരിദ്ര ഭവനങ്ങളിൽ നിന്നും കുറഞ്ഞത് ഒരംഗത്തെ, കഴിയുമെങ്കിൽ ഒരു വനിതയെ, ഒരു സമയ ബന്ധിത പ്രവർത്തനം കൊണ്ട് ഒരു സ്വയംസഹായ സംഘ ശൃംഘലയിൽ ചേർക്കുന്നു എന്ന് DAY-NRLM ഉറപ്പാക്കണം. തുടർന്ന് കർഷക സംഘടനകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, നെയ്ത്തുകാരുടെ കൂട്ടായ്മ എന്നിവയിൽ പ്രവർത്തിക്കുന്ന സ്ത്രീ പുരുഷന്മാരെ ഉപജീവനമാർഗ്ഗ സംബന്ധിയായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനായി സംഘടിപ്പിയ്ക്കണം. ഈ സ്ഥാപനങ്ങളെല്ലാം ഉൾച്ചേർക്കൽ സ്ഥാപനങ്ങളായിരിക്കുകയും ഒരൊറ്റ പാവപ്പെട്ടവൻ പോലും അവയിൽ നിന്നും പുറത്തല്ല എന്ന് ഉറപ്പുവരുത്തുകയും വേണം. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കു മതിയായ പ്രാതിനിധ്യം ലഭ്യമാകുന്നു എന്ന് DAY-NRL മിഷൻ ഉറപ്പാക്കണം. ദാരിദ്ര്യരേഖയ്ക്കു താഴെ സ്ഥിതി ചെയ്യുന്ന കുടുംബങ്ങളുടെ സമ്പൂർണ്ണ ഉൾപ്പെടൽ എന്ന ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുമ്പോൾതന്നെ ഗുണഭോക്താക്കളിൽ 50% പട്ടികജാതി-പട്ടികവർഗ്ഗത്തിൽനിന്ന് ഉള്ളവരും 15% ന്യൂനപക്ഷ മതവിഭാഗത്തിൽ നിന്ന് ഉള്ളവരും 3% അംഗപരിമിതരും ആയിരിക്കും എന്നും ഉറപ്പാക്കേണ്ടതാണ്.

2.**പാവപ്പെട്ടവർ മുഖേന പാവപ്പെട്ടവരെ തിരിച്ചറിയൽ (Participatory Identification of Poor)**

SGSYപദ്ധതി നടത്തിപ്പിലെ അനുഭവത്തിൽനിന്നും വ്യക്തമായ ഒരു സംഗതി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പട്ടികയിൽ തെറ്റായി ഉൾപ്പെടുത്തലും ഒഴിവാക്കലും കടന്നുകൂടിയിട്ടുണ്ട് എന്നാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പട്ടികയിലേക്ക് ലക്ഷ്യം വയ്ക്കുന്ന ഗ്രൂപ്പുകളെ വിശാലമാക്കാനും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള ഒരു പരാധീനതാ മാനദണ്ഡമെങ്കിലുമുള്ള കുടുംബമായി തിരിച്ചറിയപ്പെട്ട എല്ലാ പാവപ്പെട്ടവരെയും ഉൾപ്പെടുത്താനും വേണ്ടി ആരെയാണോ ലക്ഷ്യം വയ്ക്കുന്നത്, ആ ജനവിഭാഗത്തെ പാവപ്പെട്ടവർ തന്നെ ചൂണ്ടിക്കാണിക്കുന്ന പ്രക്രിയ DAY-NRLM നടപ്പിലാക്കും. കുറ്റമറ്റ രീതികളും ഉപകരണങ്ങളും (സാമൂഹ്യ ചിത്രീകരണം, സുസ്ഥിതി വർഗ്ഗീകരണം, ഇല്ലായ്മ സൂചകങ്ങൾ) അടിസ്ഥാനമാക്കിയുള്ള ഈ പങ്കാളിത്ത പ്രക്രിയയും കൂടാതെ പരസ്പര സ്നേഹം പുലർത്തുന്ന അംഗങ്ങളുടെ കൂട്ടായ്മയിലൂടെ, ഉൾപ്പെടുത്തൽ / ഒഴിവാക്കൽ തെറ്റുകൾവരാതെ നോക്കാനും തദ്ദേശീയമായി അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങളും ഉപയോഗിക്കുകവഴി തദ്ദേശീയ പൊതുസമ്മതം രൂപീകരിക്കൽ സാധ്യമാകുന്നതുമാണ്. പങ്കാളിത്തരീതി ഉപയോഗിച്ചു പാവപ്പെട്ടവരെ തെരഞ്ഞെടുക്കുന്ന രീതി ആന്ധ്രാപ്രദേശ്, കേരളം, തമിഴ് നാട്, ഒഡീഷാ എന്നീ സംസ്ഥാനങ്ങളിൽ കുറെ വർഷങ്ങളായി വിജയകരമായി നടപ്പിലാക്കുന്നുണ്ട്.

പാവപ്പെട്ടവർ മുഖേനയുള്ള പാവപ്പെട്ടവരെ തിരിച്ചറിയൽ (PIP) പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളും SECC പ്രകാരമുള്ള ഒരു ഇല്ലായ്മ മാനദണ്ഡമെങ്കിലുമുള്ള കുടുംബങ്ങളായി തിരിച്ചറിയപ്പെട്ടവരും ചേർന്ന് DAY-NRLM ലക്ഷ്യമിടുന്ന സംഘങ്ങളായി അംഗീകരിക്കപ്പെടാവുന്നതും പദ്ധതി നൽകുന്ന എല്ലാ പ്രയോജനങ്ങൾക്കും അവർ അർഹത ഉള്ളവരുമാണ്.

PIP പ്രകാരം തയ്യാറാക്കുന്ന പട്ടിക ഗ്രാമസഭകൾ പരിശോധിച് ശുദ്ധീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കേണ്ടതുമാണ്.
സംസ്ഥാനം ഏതെങ്കിലും ജില്ലയോ ബ്ലോക്കോ PIP പ്രകാരം ഏറ്റെടുക്കുന്നതുവരെ SECC പട്ടിക പ്രകാരം കുറഞ്ഞത് ഒരു ഇല്ലായ്മ മാനദണ്ഡമെങ്കിലുമുള്ള ഗ്രാമീണ കുടുംബങ്ങളെ ആയിരിക്കും DAY-NRLM ലക്ഷ്യം വയ്ക്കുക. മിഷന്റെ നടത്തിപ്പു ചട്ടക്കൂടിൽ വിഭാവനം ചെയ്യുന്നതുപോലെ ദാരിദ്ര്യരേഖയ്ക്കു കീഴെയുള്ള മറ്റ് അംഗങ്ങളുടെ അംഗീകാരത്തിനു വിധേയമായി സ്വയം സഹായ സംഘങ്ങളിലെ അംഗത്വത്തിന്റെ 30% വരെ ദാരിദ്ര്യരേഖയ്ക്കു തൊട്ടുമുകളിൽ നില കൊള്ളുന്നവർ ആകാം. ഈ 30%, SECC പട്ടികയിൽ ഉൾപ്പെടാത്ത കുടുംബങ്ങളും എന്നാൽ പട്ടികയിൽ ഉൾപ്പെട്ടവർക്ക് തുല്യമായ ദാരിദ്ര്യാവസ്ഥ ഉള്ളവരും ആയിരിക്കും.

3.**പാവപ്പെട്ടവരുടെ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കൽ :**

സ്വയം സഹായ സംഘങ്ങൾ, ഗ്രാമങ്ങളിലും അതിലുയർന്ന തലത്തിലും പ്രവർത്തിക്കുന്ന അവയുടെ ഫെഡറേഷനുകൾ തുടങ്ങിയ ശക്തമായ സ്ഥാപനങ്ങൾ പാവപ്പെട്ടവർക്ക് ഇടവും, സ്വരവും, വിഭവങ്ങളും പ്രദാനം ചെയ്യുന്നതിനും ബാഹ്യ ഏജൻസികളെ ആശ്രയിക്കുന്നത് കുറയ്ക്കാനും അനിവാര്യമാണ്. ഇവ അംഗങ്ങളുടെ ശാക്തീകരണം, അറിവ് സമ്പാദനം, സാങ്കേതികവിദ്യയുടെ വ്യാപനം എന്നിവയ്ക്ക് കാരണമാകുകയും ഉല്പാദനം, സംഭരണം, വാണിജ്യം തുടങ്ങിയവയുടെ കേന്ദ്രങ്ങളായി തീരുകയും ചെയ്യുന്നു. വിവിധ തലങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലാണ് DAY-NRLM ഊന്നൽ നൽകേണ്ടത്. കൂടാതെ DAY-NRLM ഉപജിവന മാർഗ്ഗ കൂട്ടായ്മകൾ, ഉപജിവന മാർഗ്ഗ പ്രോത്സാഹനത്തിനായുള്ള ഉല്പാദകരുടെ സഹകരണ സംഘങ്ങൾ, കമ്പനികൾ, മുൻ-പിൻ ബന്ധിപ്പിക്കൽ, വായ്പ, വിവരങ്ങൾ ലഭിക്കൽ, സാങ്കേതിക വിദ്യ, കമ്പോളത്തെക്കുറിച്ചുള്ള അറിവ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നു. പാവപ്പെട്ടവരുടെ പരിമിതമായ വിഭവങ്ങൾ ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഉപജീവന മാർഗ്ഗ കൂട്ടായ്മകൾ സഹായകരമാണ്.

4.**നിലവിലുള്ള പാവപ്പെട്ടവരുടെ സ്വയംസഹായ സംഘങ്ങളുടെയും/ ഫെഡറേഷനുകളുടെയും ശാക്തീകരണം**

സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും ശ്രമഫലമായി രൂപീകൃതമായ പാവപ്പെട്ട വനിതകൾക്കുള്ള സ്ഥാപനങ്ങൾ ഇപ്പോൾ നിലവിലുണ്ട്. DAY-NRLM നിലവിലുള്ള പാവപ്പെട്ടവരുടെ എല്ലാ സ്ഥാപനങ്ങളേയും പങ്കാളിത്ത രീതിയിൽ കൂടി ശാക്തീകരിക്കും. സർക്കാർ / സന്നദ്ധസംഘടനാ മേഖലകളിലുള്ള സ്വയംസഹായ സ്ഥാപനങ്ങൾ സാമൂഹിക ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് കൂടുതൽ സുതാര്യത കൊണ്ടു വരാൻ ശ്രദ്ധയൂന്നണം. ഇത് സംസ്ഥാനതല ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകളും സംസ്ഥാന സർക്കാരുകളും ആവിഷ്ക്കരിക്കുന്ന സംവിധാനത്തിനു പുറമേയാണ്. ഒരാൾ മറ്റൊരാളിൽനിന്നും കാര്യങ്ങൾ പഠിക്കുന്നത് DAY-NRLM ലെ മുഖ്യ പ്രക്രിയ ആയ പഠനത്തെ ദൃഢീകരിക്കുന്നു.

5.**പരിശീലനം, ക്ഷമത, നൈപുണ്യ നിർമ്മാണം എന്നിവയിൽ ഊന്നൽ :**

തങ്ങളുടെ സ്ഥാപനങ്ങളുടെ നടത്തിപ്പ്, കമ്പോളവുമായി ബന്ധിപ്പിക്കൽ, നിലവിലുള്ള ഉപജീവന മാർഗ്ഗങ്ങളുടെ നടത്തിപ്പ്, വായ്പ സ്വീകരിക്കാനുള്ള ശേഷി മെച്ചപ്പെടുത്തൽ, വായ്പയ്ക്കുള്ള അർഹത ഉയർത്തൽ തുടങ്ങിയവയ്ക്ക് ആവശ്യമായ നൈപുണ്യം പാവപ്പെട്ടവർക്ക് പ്രദാനം

ചെയ്യുന്നു എന്ന് DAY-NRLM ഉറപ്പുവരുത്തും. ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്ന കുടുംബങ്ങൾ, സ്വയംസഹായ സംഘങ്ങൾ, അവരുടെ ഫെഡറേഷനുകൾ, സർക്കാർ ഉദ്യോഗസ്ഥർ, ബാങ്ക് അധികാരികൾ, സന്നദ്ധ സംഘടനകൾ, മറ്റു മുഖ്യ തല്പരകക്ഷികൾ എന്നിവരുടെ തുടരെയുള്ള ക്ഷമതാനിർമ്മാണം ലക്ഷ്യമാക്കി ബഹുമുഖസമീപന രീതിയാണു സ്വീകരിച്ചിരിക്കുന്നത്. സ്വയംസഹായ സംഘങ്ങളുടേയും അവയുടെ ഫെഡറേഷനുകളുടേയും മറ്റുകൂട്ടായ്മകളുടേയും ക്ഷമത ഉയർത്താൻ പ്രൊഫഷനലുകളെയും തൊഴിൽ വിദഗ്ധരെയും വാർത്തെടുത്ത് പ്രവർത്തന നിരതരാക്കുന്നതിലാണ് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ക്ഷമതാനിർമ്മാണവും അറിവുപകരലും കൂടുതൽ ഫലപ്രദമാക്കുവാൻ വിവരസാങ്കേതികവിദ്യ വ്യാപകമായി ഉപയോഗിക്കേണ്ടതാണ്.

6.**ചാക്രിക നിധി (Revolving Fund) യും സാമൂഹ്യ നിക്ഷേപ സഹായ നിധിയും (Community Investment Support Fund-CIF**)

ഹ്രസ്വകാലത്തേക്കുവേണ്ടി വരുന്ന ഉപഭോഗ ആവശ്യങ്ങളും ദീർഘ കാലത്തേയ്ക്കു് ആവശ്യമായേക്കാവുന്ന വായ്പാ ആവശ്യങ്ങളും നിറവേറ്റുവാൻ വേണ്ടി സ്വന്തം പണം സ്വരൂപിച്ചു വയ്ക്കുന്നതിനും സമ്പാദ്യ ശീലം വളർത്തുന്നതിനുമുള്ള പ്രോത്സാഹനമായി അർഹരായ സ്വയംസഹായ സംഘങ്ങൾക്ക് ഒരു ചാക്രിക നിധി ലഭ്യമാക്കുന്നതായിരിക്കും. CIF എന്നത് ഒരു സഞ്ചിത നിധി (corpus) ആയും അത് അംഗങ്ങളുടെ വായ്പാ ആവശ്യങ്ങൾ നേരിട്ടു നിറവേറ്റുവാനും ആവർത്തന വായ്പ ത്വരിതപ്പെടുത്തുന്നതിനുള്ള മൂലധനമായി പ്രയോജനകരമായി ഉപയോഗിക്കാനുള്ള ഒന്നായും പ്രവർത്തിക്കും. CIF സ്വയംസഹായ സംഘങ്ങൾക്ക് ലഭ്യമാക്കുന്നത് അവയുടെ ഫെഡറേഷനുകൾ മുഖേനയാണ്. സ്വന്തമായി വലിയ അളവിൽ ധനം സ്വരൂപിക്കുന്നതു വരെ ദാരിദ്ര്യത്തിൽ നിന്നും പുറത്തുകടക്കാനുള്ള ആശ്രയം ന്യായമായ നിരക്കിലും ലളിതമായും ലഭ്യമാകുന്ന ധനസഹായമാണ്.

7.**സാർവ്വത്രിക സാമ്പത്തിക ഉൾച്ചേർക്കൽ :**

എല്ലാ പാവപ്പെട്ട ജനവിഭാഗങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും പ്രാഥമിക ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനുമപ്പുറം സാർവ്വത്രിക സാമ്പത്തിക ഉൾച്ചേർക്കൽ നേടിയെടുക്കാൻ DAY-NRLM ലക്ഷ്യമിടുന്നു. സാമ്പത്തിക ഉൾച്ചേർക്കലിന്റെ ഇരുവശങ്ങളായ ആവശ്യവും വിതരണവും DAY-NRLM പ്രവർത്തനം ലക്ഷ്യമാക്കുന്നു. അത് ആവശ്യപ്പെടലിന്റെ ഭാഗത്ത് സ്വയംസഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും ത്വരിത മൂലധനം ലഭ്യമാക്കുകയും പാവപ്പെട്ടവരുടെ ഇടയിൽ സാമ്പത്തിക സാക്ഷരത പ്രോത്സാഹിപ്പിക്കുകയും വേണം. വിതരണത്തിന്റെ ഭാഗത്ത് സാമ്പത്തിക മേഖലയുമായി ഏകോപനം നടത്തുകയും വിവര, ആശയവിനിമയ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സാമ്പത്തികസാങ്കേതിക വിദ്യയുടെ ഉപയോഗത്തെയും, ബിസ്സിനസ്സ് കറസ്പോണ്ടന്റുകൾ വഴിയും ബാങ്കുമിത്ര പോലെയുള്ള ലക്ഷ്യബോധവും ലക്ഷ്യ പ്രാപ്തിക്കുള്ള മാർഗ്ഗവും സുകരമാക്കുന്നവരെയും പ്രോത്സാഹിപ്പിക്കുകയും വേണം. ഗ്രാമീണരായ പാവപ്പെട്ടവരുടെ ജീവനും ആരോഗ്യത്തിനും സ്വത്തുക്കൾക്കും ഉണ്ടാകുന്ന നഷ്ടത്തിനെതിരെ സാർവ്വത്രികമായ ഉൾപ്പെടുത്ത(coverage)ലിനുവേണ്ടി പ്രവർത്തിക്കണം. കൂടാതെ കുടിയേറ്റ വിധേയ സ്ഥലങ്ങളിൽ പണം ഒഴുക്കിനെ സഹായിക്കുന്ന പ്രവർത്തനവും നടത്തേണ്ടതാണ്.

8.**പലിശയിളവ്  നൽകൽ വ്യവസ്ഥ :**

ഗ്രാമവാസികളായ പാവപ്പെട്ടവരുടെ സംരംഭങ്ങൾ സാമ്പത്തികക്ഷമമായി പ്രവർത്തിക്കുവാൻ കുറഞ്ഞ നിരക്കിലും പലതവണകളായും ലഭ്യമാകുന്ന വായ്പകൾ ആവശ്യമാണ്. താങ്ങാവുന്ന നിരക്കിൽ വായ്പ ലഭ്യമാകുന്നു എന്നുറപ്പുവരുത്തുവാൻ സ്വയംസഹായ സംഘങ്ങൾക്ക് മുഖ്യധാരാസാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുള്ള വാർഷിക പലിശ 7 ശതമാനത്തിനു മുകളിൽ ഉള്ള വായ്പകൾക്ക് പലിശയിളവ് നൽകാമെന്ന് DAY-NRLM ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

9.**ധനസഞ്ചയത്തിന്റെ മാതൃക (Funding Pattern) :**

DAY-NRLM കേന്ദ്ര ഗവൺമെന്റ പ്രയോജകരായിട്ടുള്ള പരിപാടിയാണ്. പരിപാടിയുടെ നടത്തിപ്പിനുള്ള ധനം കേന്ദ്രവും സംസ്ഥാനങ്ങളും 60:40 എന്ന അനുപാതത്തിൽ വഹിക്കണം. (സിക്കിം ഉൾപ്പെടെയുള്ള ഉത്തരപൂർവ്വ സംസ്ഥാനങ്ങളുമായി 90:10 എന്ന അനുപാതത്തിൽ; കേന്ദ്രഭരണ പ്രദേശങ്ങളിൽ 100% വും കേന്ദ്ര വിഹിതം) അതാതു സംസ്ഥാനങ്ങളിലെ ദാരിദ്ര്യത്തിന്റെ തോത് മാനദണ്ഡമാക്കിയാണ് കേന്ദ്രം സംസ്ഥാനങ്ങൾക്കു് അനുവദിച്ചിട്ടുള്ള വിഹിതം വിതരണം ചെയ്യുന്നത്.

10.**ഘട്ടംഘട്ടമായി  നടപ്പാക്കൽ (Phased Implementation) :**

പാവപ്പെട്ടവരുടെ സാമൂഹ്യമൂലധനം എന്നത്, അവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ, അവരുടെ നേതാക്കൾ, സമൂഹത്തിൽ പ്രത്യേക തൊഴിൽ ജീവിതവൃത്തിയായുള്ളവർ, അതിലും പ്രധാനമായി സമൂഹത്തിലെ തൊഴിൽപരമായ പ്രത്യേക ജ്ഞാനമുള്ളവർ സമൂഹത്തിലെ കർമ്മശേഷിയുള്ളവർ (തങ്ങളുടെ സ്ഥാപനങ്ങളുടെ പിന്തുണയാൽ സ്വന്തം ജീവിതത്തിന് രൂപാന്തരീകരണം സംഭവിച്ച നിർദ്ധനരായ വനിതകൾ) എന്നിവർ അടങ്ങിയതാണ്. സാമൂഹ്യമൂലധനം കെട്ടിപ്പടുക്കൽ പ്രാരംഭവർഷങ്ങളിൽ കുറെ സമയമെടുക്കുമെങ്കിലും അതിനുശേഷം വളരെപെട്ടെന്ന് ഇത് വർദ്ധിക്കുന്നതാണ്. ദരിദ്ര ജനവിഭാഗത്തിന്റെ സാമൂഹ്യമൂലധനം DAY-NRLM ൽ മുഖ്യസ്ഥാനം വഹിക്കുന്നില്ലാ എങ്കിൽ അതിനർത്ഥം അതൊരു പൊതുജനപരിപാടിയല്ല എന്നാണ്. കൂടാതെ ഇടപെടലുകളുടെ ഗുണമേന്മയിലും പ്രയോഗ ക്ഷമതയിലും ഒരു നേർപ്പിക്കലും ഇല്ല എന്നുറപ്പുവരുത്തേണ്ടതും പ്രധാനമാണ്. ആയതിനാൽ DAY-NRLM ന്റെ നടത്തിപ്പ് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. 12-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി എല്ലാ ജില്ലകളിലും DAY-NRLM എത്തും എന്നു കരുതുന്നു.

11.**തീവ്ര പ്രവർത്തന ബ്ലോക്കുകൾ (Intensive Blocks)**

DAY-NRLM നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 'തീവ്ര പ്രവർത്തന ബ്ലോക്കുകളിൽ' പരിശീലനം നേടിയ ആവശ്യമുള്ള അത്രയും ഉദ്യോഗസ്ഥർ ഉണ്ടായിരിക്കും. അവർ മുഖാന്തരം സാർവ്വത്രികവും തീവ്രവുമായ സാമൂഹ്യ-സാമ്പത്തിക ഉൾപ്പെടുത്തൽ, ഉപജീവന മാർഗ്ഗങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങൾ തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. അവശേഷിക്കുന്ന ബ്ലോക്കുകൾ അഥവാ തീവ്രമല്ലാത്ത ബ്ലോക്കുകളിലെ പ്രവർത്തനം കുറഞ്ഞ അളവിലും പരിമിതമായ തീവ്രതയിലും ഒതുങ്ങുന്നതുമാണ്.

12.**ഗ്രാമീണ സ്വയംതൊഴിൽ പരിശീലന  സ്ഥാപനങ്ങൾ (RSETIs) :**

ഗ്രാമീണ വികസന സ്വയംതൊഴിൽ സ്ഥാപനം (RUDSETI),വിഭാവനം

ചെയ്തു തുടങ്ങിവച്ച മാതൃകയിൽ ആണ് RSETI സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. കാനറാ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, SDME ട്രസ്റ്റ് എന്നിവയുടെ സംയുക്ത പങ്കാളിത്തമാണ് ഇതിന്റെ പിന്നിൽ. ഈ മാതൃക വിഭാവനം ചെയ്യുന്നത് തൊഴിൽരഹിതരായ യുവാക്കളെ ചെറുകാലയളവിൽ നൽകുന്ന പ്രായോഗിക പരിജ്ഞാന പഠന പദ്ധതിയിലൂടെയും ദീർഘ കാലയളവിൽ നൽകുന്ന ക്രമബദ്ധമായ പ്രായോഗിക (hand holding) പരിശീലനത്തിലൂടെയും ആത്മവിശ്വാസമുള്ള സംരംഭകരായി മാറ്റിയെടുക്കുക എന്നതാണ്. ആവശ്യാധിഷ്ഠിതമായ പരിശീലനം നൽകുകവഴി സംരംഭത്വഗുണം, വർദ്ധിച്ച ആത്മവിശ്വാസം, പരാജയ സാധ്യത കുറയ്ക്കൽ എന്നീ ഗുണങ്ങൾ ആർജ്ജിച്ച് അവർ മാറ്റത്തിനു കാരണക്കാരാകുന്നു. പരിശീലനം നേടുന്നവരുടെ തെരഞ്ഞെടുപ്പ്, പരിശീലനം, പരിശീലനാനന്തര തുടർ നടപടികൾ എന്നിവയിൽ ബാങ്കുകൾ പൂർണമായും ഉൾപ്പെട്ടിരിക്കുന്നു. പാവപ്പെട്ടവരുടെ സ്ഥാപനങ്ങൾ വഴി സ്പഷ്ടമാക്കപ്പെടുന്ന പാവപ്പെട്ടവരുടെ ആവശ്യങ്ങൾ പങ്കെടുക്കുന്നവരെയും പരിശീലനം നടത്തുന്നവരെയും സ്വയം തൊഴിൽ കണ്ടെത്തുവാനും സംരംഭങ്ങൾ തുടങ്ങാനും കഴിവുള്ളവരായി തയ്യാറാക്കുന്നതിൽ RSETI കളെ മാർഗ്ഗദർശനം നല്കി സഹായിക്കുന്നു. രാജ്യത്തെ എല്ലാ ജില്ലകളിലും RSETI കൾ സ്ഥാപിക്കാൻ DAY-NRLM പൊതുമേഖലാ ബാങ്കുകളെ പ്രേരിപ്പിക്കുന്നു.

**<u>അനുബന്ധം II</u>**

**<u>വനിതാ സ്വയംസഹായ ഗ്രൂപ്പുകൾക്കുള്ള പലിശയിളവ് പദ്ധതി</u>**

I.വനിതാ സ്വയംസഹായ ഗ്രൂപ്പുകൾക്കുള്ള വായ്പക്ക് പലിശ ഇളവ് പദ്ധതി 250 ജില്ലകളിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ ബാങ്കുകൾക്കും (പൊതുമേഖല, സ്വകാര്യമേഖല, ഗ്രാമീൺ ബാങ്കുകൾ മാത്രം) സഹകരണ ബാങ്കുകൾക്കും.

i) 7% വാർഷിക പലിശയുള്ള 3 ലക്ഷം രൂപവരെ ഉള്ള വായ്പകളിന്മേൽ എല്ലാ വനിതാ സ്വയംസഹായ ഗ്രൂപ്പുകൾക്കും പലിശയിളവിന് അർഹത. തങ്ങളുടെ നിലവിലുള്ള വായ്പ ബാക്കിനിൽപിനു SGSY ക്ക് കീഴിൽ മൂലധന സബ്സിഡി ലഭിക്കുന്നവർ ഈ പദ്ധതിക്ക് കീഴിലുള്ള ആനുകൂല്യത്തിന് അർഹരല്ല

ii)വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും 250 ജില്ലകളിലും വനിതാ സ്വയംസഹായ ഗ്രൂപ്പുകൾക്ക് 7% പലിശ നിരക്കിൽ വായ്പ നൽകണം. അനുബന്ധം III ൽ 250 ജില്ലകളുടെ പേരു കൊടുത്തിരിക്കുന്നു.

iii)എല്ലാ വാണിജ്യബാങ്കുകൾക്കും (ഗ്രാമീൺ ബാങ്കുകൾ ഒഴികെ) പരമാവധി 5.5% എന്ന പരിധിക്കു വിധേയമായി 7 ശതമാനത്തിന്റെയും മതിപ്പ് ശരാശരി പലിശനിരക്കു വസൂലാക്കിയതിന്റെയും (Weighted Average Interest Charged) വ്യത്യാസം എത്രയാണോ അത്രയും വരെ പലിശയിളവ് ലഭിക്കും. (ധനവകുപ്പിന്റെ സാമ്പത്തിക സേവനവകുപ്പ് WAIC എന്നത് വിശദമാക്കിയിട്ടുള്ള പ്രകാരം). ഈ പലിശയിളവ് എല്ലാ ബാങ്കുകൾക്കും ലഭിക്കുന്നതിനുള്ള ഏക നിബന്ധന 250 ജില്ലകളിൽ 7% നിരക്കിൽ സ്വയം സഹായ ഗ്രൂപ്പുകൾക്ക് അവർ വായ്പ ലഭ്യമാക്കിയിരിക്കണം എന്നതാണ്).

iv)ഗ്രാമീൺ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ പരമാവധി 5.5% എന്ന പരിധിക്കു വിധേയമായി നബാർഡ് നിഷ്കർഷിച്ചിരിക്കുന്ന പരമാവധി പലിശ നിരക്കിന്റെയും 7 ശതമാനത്തിന്റേയും വ്യത്യാസത്തിന് പലിശയിളവിന് അർഹരാണ്. ഈ പലിശയിളവ് ഗ്രാമീൺ ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും ലഭിക്കുന്നതിനുള്ള നിബന്ധന അവർ 250 ജില്ലകളിലും സ്വയംസഹായ ഗ്രൂപ്പുകൾക്കു 7% നിരക്കിൽ വായ്പ നൽകണം എന്നതാണ്. ഗ്രാമീണ ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും നബാർഡിൽനിന്നും സൗജന്യ നിരക്കിൽ പുനർ വായ്പാ സഹായവും ലഭ്യമാകുന്നതാണ്. നബാർഡിൽനിന്നും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഗ്രാമീണ ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും ലഭിക്കുന്നതാണ്.

v)കൂടാതെ വായ്പ കൃത്യമായി തിരിച്ചടച്ചാൽ സ്വയംസഹായഗ്രൂപ്പുകൾക്ക് അധികമായി 3% പലിശയിളവ് ലഭ്യമാണ്. താഴെപറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നപക്ഷം ഒരു സ്വയംസഹായഗ്രൂപ്പിനെ കൃത്യമായി തിരിച്ചടവ് നടത്തിയതുവഴി 3% അധിക പലിശയിളവിന് അർഹരെന്നു കണക്കാക്കാം.

<u>a. പണവായ്പാപരിധിയിൽ</u>

i)തുടരെ 30 ദിവസത്തിലധികം വായ്പയുടെ ബാക്കിനിൽപ് പണ വായ്പാ പരിധിയിൽ/ പിൻവലിക്കാനുള്ള അധികാര പരിധിയിൽ കൂടാതിരിക്കുക

ii)അക്കൗണ്ടിൽ പതിവായി പണമടക്കലും/ പിൻവലിക്കലും നടന്നിരിക്കണം. ഏതു നിലയിലും ഉപഭോക്താവിന്റെ ഭാഗത്തു നിന്നും ഒരു മാസം ഒരു പണം അടയ്ക്കൽ എങ്കിലും ഉണ്ടാകണം

iii) ഉപഭോക്താവ് ഒരു മാസം അടച്ച തുക ആ മാസത്തെ പലിശക്കെങ്കിലും മതിയാകണം

b. <u>കാലാവധി വായ്പകൾ :</u>
വായ്പ തിരിച്ചടയ്ക്കാനുള്ള നിശ്ചിത തീയതി മുതൽ 30 ദിവസത്തിനുള്ളിൽ പലിശ/ മുതൽ തവണകൾ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആ വായ്പാ അക്കൗണ്ട് കാലതാമസം വരുത്താത്ത ഒന്നായി (prompt) കണക്കാക്കാം.
പണം പറ്റുന്ന കൃത്യനിഷ്ഠയുള്ള എല്ലാ സ്വയംസഹായ ഗ്രൂപ്പ് അക്കൗണ്ടുകളും റിപ്പോർട്ടു ചെയ്യപ്പെടുന്ന ത്രൈമാസാന്ത്യം 3% അധിക പലിശ കിഴിവിന് അർഹതയുള്ളതായിരിക്കും. ബാങ്കുകൾ അർഹതയുള്ള സ്വയംസഹായ ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ 3% പലിശയിളവു തുക, വരവു വച്ച് കൊടുക്കേണ്ടതും പിന്നീട് ആ തുക തിരികെ ആവശ്യപ്പെടേണ്ടതുമാണ്.
vi)ഗ്രാമീണ ബാങ്കുകൾ ഒഴികെയുള്ള എല്ലാ വാണിജ്യ ബാങ്കുകൾക്കും വേണ്ടി ഗ്രാമവികസന മന്ത്രാലയം തെരഞ്ഞെടുത്ത ഒരു ഏകോപന ബാങ്കു മുഖേന പലിശ ഇളവ് നൽകൽ പദ്ധതി നടപ്പിലാക്കും.
vii)ഗ്രാമീണ ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും വേണ്ടി ഹ്രസ്വകാല വിള വായ്പാ പദ്ധതിക്കു സമാനമായി ഈ പലിശയിളവ് പദ്ധതി നബാർഡ് നടപ്പിലാക്കും.
viii) കോർബാങ്കിംഗ് സൊല്യൂഷൻ സംവിധാനം നിലവിലുള്ള എല്ലാ വാണിജ്യ ബാങ്കുകൾക്കും (പൊതുമേഖല/ സ്വകാര്യ മേഖല/ ഗ്രാമീണ ബാങ്കുകൾ) ഈ പദ്ധതി പ്രകാരം പലിശയിളവു പ്രയോജനപ്പെടുത്താം.
ix) ഗ്രാമീണ ബാങ്കുകൾ ഒഴികെയുള്ള എല്ലാ വാണിജ്യ ബാങ്കുകളും സ്വയം സഹായ ഗ്രൂപ്പുകൾക്ക് 7% പലിശ നിരക്കിൽ നൽകിയിട്ടുള്ള വായ്പകളിൽ ലഭ്യമായ പലിശയിളവ് വരവുവച്ച് കിട്ടാൻ സ്വയംസഹായ ഗ്രൂപ്പിന്റെ വായ്പാ അക്കൗണ്ടു വിവരങ്ങൾ ഏകോപന ബാങ്കിന്റെ പോർട്ടലിൽ നിർദ്ദേശിക്കപ്പെട്ട പ്രത്യേക സാങ്കേതിക മാതൃകയിൽ അപ് ലോഡു് ചെയ്യണം. അധികമായി ലഭ്യമാകുന്ന 3% പലിശയിളവിനുള്ള അവകാശവാദവും ഇതേ ബാങ്കുകൾ പോർട്ടലിൽ അപ് ലോഡു ചെയ്യണം.
x) പലിശയിളവിനായി ബാങ്കുകൾ സമർപ്പിക്കുന്ന ക്ലെയിമിനോടൊപ്പം അത് സത്യവും ശരിയുമാണെന്നുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തിയ നിജസ്ഥിതി സർട്ടിഫിക്കറ്റുകൂടി വയ്ക്കേണ്ടതാണ്.
xi) സ്വയം സഹായ ഗ്രൂപ്പുകൾക്കു 7% നിരക്കിൽ നല്കിയിട്ടുള്ള വായ്പകൾക്ക് പലിശയിളവ് നേടാൻ ഗ്രാമീണബാങ്കുകളും സഹകരണ ബാങ്കുകളും നബാർഡിന്റെ അതാത് പ്രാദേശിക കാര്യാലയങ്ങളിലേക്ക് ജൂൺ, സെപ്റ്റംബർ, ഡിസംബർ, മാർച്ചു മാസാന്ത്യങ്ങളിൽ അവരുടെ ക്ലെയിം സമർപ്പിക്കണം. അവസാനത്തെ ത്രൈമാസ ക്ലെയിമിനോടൊപ്പം ആ സാമ്പത്തിക വർഷത്തെ ക്ലെയിമുകൾ സത്യവും ശരിയുമാണെന്നുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തിയ നിജസ്ഥിതി സർട്ടിഫിക്കറ്റുകൂടി ഉണ്ടാകണം. ഏതു ബാങ്കും മാർച്ച് അവസാനം സമർപ്പിക്കുന്ന ക്ലെയിം ഗ്രാമീണ വികസന വകുപ്പ് മന്ത്രാലയം തീർപ്പാക്കുന്നത് ഇപ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ബാങ്കുകളുടെ ക്ലെയിം സ്റ്റാറ്റ്യൂട്ടറി ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റു ലഭ്യമായ ശേഷമാണ്.
xii) ഗ്രാമീൺ ബാങ്കുകളും സഹകരണ ബാങ്കുകളും 3% അധിക പലിശയിളവ് സംബന്ധമായ മൊത്തം വർഷത്തെ ക്ലെയിമുകൾ നബാർഡിന്റെ അതാതു പ്രാദേശിക കാര്യാലയത്തിലേക്ക് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർ ക്ലെയിമിന്റെ നിജസ്ഥിതി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റു സഹിതം തനതുവർഷം ജൂൺ മാസത്തോടു കൂടി സമർപ്പിക്കണം.

xiii)തനതുവർഷം വിതരണംചെയ്തതും ക്ലെയിമിൽ ഉൾപ്പെടുത്താതിരുന്നതുമായ അതേ വർഷത്തെ ശേഷിക്കുന്ന എല്ലാം ക്ലയിമുകളും ഒന്നിച്ചാക്കി കൂടുതൽ ക്ലയിം എന്ന് അടയാളപ്പെടുത്തി ഏകോപന ബാങ്കിനും (ഗ്രാമീണ ബാങ്കുകൾ ഒഴികെയുള്ള എല്ലാ വാണിജ്യ ബാങ്കുകൾക്കും വേണ്ടി) നബാർഡിന്റെ പ്രാദേശിക ഓഫീസിലും (ഗ്രാമീണ ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും വേണ്ടി) എല്ലാ വർഷവും ഏറ്റവും വൈകി ജൂൺ മാസത്തോടു കൂടി എങ്കിലും സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാർ യഥാവിധി പരിശോധിച്ച് ക്ലെയിമിന്റെ നിജസ്ഥിതി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും സഹിതം സമർപ്പിക്കണം.

xiv) പൊതുമേഖല/ സ്വകാര്യ മേഖല ബാങ്കുകളുടെ ക്ലെയിമുകളിൽ എന്തെങ്കിലും തിരുത്തൽ വരുത്തണം എന്നുണ്ടെങ്കിൽ ആഡിറ്ററുടെ സർട്ടിഫിക്കറ്റ് പ്രകാരം പിന്നീടു നൽകുന്ന ക്ലെയിമുകളിൽ ക്രമീകരണം നടത്തേണ്ടതാണ്. അത്തരം തിരുത്തലുകൾ ഏകോപന ബാങ്കിന്റെ പോർട്ടലിൽ നടത്തേണ്ടതുമാണ്.

xv) ഗ്രാമീണബാങ്കുകളുടെയും സഹകരണബാങ്കുകളുടെയും ക്ലെയിം സമർപ്പണ പ്രക്രിയ സംബന്ധമായ നിർദ്ദേശങ്ങൾ നബാർഡ് പുറപ്പെടുവിക്കുന്നതായിരിക്കും.

**<u>II കാറ്റഗറി-II ൽപ്പെടുന്ന ജില്ലകൾക്കുള്ള പലിശയിളവു പദ്ധതി (250 ജില്ലകൾ ഒഴികെയുള്ളവ)</u>**

DAY-NRLM പ്രകാരം കാറ്റഗറി-II ജില്ലകൾ, അതായത് മുകളിൽ പറഞ്ഞ 250 ജില്ലകൾ ഒഴികെയുള്ള മറ്റു ജില്ലകളിൽ DAY-NRLMനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വനിതാ സ്വയംസഹായ ഗ്രൂപ്പുകളും 7% പലിശനിരക്കിൽ വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുമ്പോൾ പലിശയിളവിന് തുടർന്നും അർഹരായിരിക്കും. ഈ പലിശയിളവു നല്കാനുള്ള തുക സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകൾ (SRLM) ലഭ്യമാക്കുന്നതാണ്. ഓരോ വർഷവും സംസ്ഥാനങ്ങൾതോറും ഈ ബഡ്ജറ്റ് ഹെഡിന് കീഴിൽ വിതരണം ചെയ്യേണ്ട തുക അതാതു വർഷം തീരുമാനിക്കും. കാറ്റഗറി-2 ൽ പെടുന്ന ജില്ലകളിലെ സ്വയംസഹായ ഗ്രൂപ്പുകൾക്കു വായ്പ നൽകുന്നത് ബാങ്കുകളുടെ വായ്പാനയമനുസരിച്ച് ആകുമ്പോഴും വായ്പാപലിശ നിരക്കിനും 7 ശതമാനത്തിനുമിടയിലുള്ള 5.5% എന്ന പരിധിക്കുവിധേയമായി ഉള്ള വ്യത്യാസത്തിന് നൽകുന്ന പലിശയിളവ് സ്വയം സഹായ സംഘങ്ങളുടെ അക്കൗണ്ടുകളിൽ സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷൻ നല്കുന്നതായിരിക്കും. ഇതിന് അനുസൃതമായി കാറ്റഗറി-II ൽ പെടുന്ന ജില്ലകളിലെ പലിശയിളവു നൽകൽ പദ്ധതിയുടെ നടത്തിപ്പുസംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ താഴെപറയുന്ന പ്രകാരമാണ്:

**A) ബാങ്കുകളുടെ ധർമം:** കോർബാങ്കിംഗ് സൗകര്യമുള്ള എല്ലാ ബാങ്കുകളും എല്ലാ ജില്ലകളിലുമായി സ്വയം സഹായ ഗ്രൂപ്പുകൾക്കു നൽകിയ വായ്പകളുടെയും വായ്പ ബാക്കി നില്പിന്റെയും വിശദ വിവരങ്ങൾ ഗ്രാമവികസനമന്ത്രാലയം നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിൽ CBS പ്ലാറ്റ് ഫോമിൽ നിന്നും ഗ്രാമവികസന മന്ത്രാലയത്തിനും (FTP മുഖേന) സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകൾക്കും നേരിട്ടു നൽകണം. ഈ വിവരങ്ങൾ പലിശയിളവു നൽകേണ്ട തുക കണക്കാക്കുവാനും വിതരണം ചെയ്യുന്നതിനും സഹായകരമാകുംവിധം ഓരോ മാസവും നല്കണം.

B)സംസ്ഥാന ഗവണ്മെന്റുകളുടെ ധർമം :

(i) 70 ശതമാനത്തിലധികം ദാരിദ്ര്യ രേഖയ്ക്കു കീഴെ സ്ഥിതി ചെയ്യുന്ന

അല്ലെങ്കിൽ ഗ്രാമത്തിലെ പാവപ്പെട്ട അംഗങ്ങൾ (പങ്കാളിത്ത തിരിച്ചറിയൽ പ്രക്രിയ പ്രകാരം പാവപ്പെട്ടവർ) ഉൾക്കൊള്ളുന്ന എല്ലാ വനിതാ സ്വയംസഹായ ഗ്രൂപ്പുകളും DAY-NRL മിഷനിൽ ഉൾപ്പെടും. മിഷന്റെ തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പിൽ പെടുന്ന എല്ലാ പാവപ്പെട്ടവരും ഇത്തരം സ്വയം സഹായ ഗ്രൂപ്പിലെ അംഗങ്ങളാണെങ്കിൽ അവർക്കു 7% പലിശ നിരക്കിലുള്ള 3 ലക്ഷം രൂപാ വരെയുള്ള വായ്പയിന്മേൽ കൃത്യമായ തിരിച്ചടവു നടത്തി പലിശയിളവ് നേടാവുന്നതാണ്.

(ii) ഈ പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകളായിരിക്കും. (SRLMs). വാണിജ്യ/ സഹകരണ ബാങ്കുകളിൽനിന്നും വായ്പ നേടിയിരിക്കുന്ന അർഹരായ സ്വയംസഹായ ഗ്രൂപ്പുകൾക്ക് SRLMകൾ പലിശയിളവ് അനുവദിക്കുന്നതാണ്. പലിശയിളവ് പദ്ധതി നടപ്പിലാക്കാനുള്ള പണം കേന്ദ്രവും സംസ്ഥാനങ്ങളും 75:25 എന്ന അനുപാതത്തിൽ ലഭ്യമാക്കേണ്ടതാണ്.

(iii) വായ്പാ പലിശ നിരക്കും 7 ശതമാനവും തമ്മിലുള്ള വ്യത്യാസത്തിനു സമമായ തുക പരമാവധി 5.5% എന്ന നിരക്കിനു വിധേയമായി പലിശയിളവായി സംസ്ഥാന ഗ്രാമീണ ഉപജീവന മാർഗ്ഗ മിഷനുകൾ സ്വയംസഹായ ഗ്രൂപ്പുകൾക്ക് മാസ/ ത്രൈമാസ അടിസ്ഥാനത്തിൽ നേരിട്ടു നൽകുന്നതാണ്. തിരിച്ചടവു കൃത്യമായി നടത്തിയിട്ടുള്ള സ്വയംസഹായ ഗ്രൂപ്പുകൾക്കുള്ള പലിശയിളവു തുക ഇ-ട്രാൻസ്ഫറായി സംസ്ഥാന മിഷനുകൾ ലഭ്യമാക്കും.

(iv) വനിതാ സ്വയംസഹായ ഗ്രൂപ്പുകൾ SGSYയ്ക്ക് കിഴിൽ നിലവിലുള്ള വായ്പയിന്മേൽ മൂലധന സബ്സിഡി നേടിയിട്ടുണ്ടെങ്കിൽ വനിതാ സ്വയംസഹായ ഗ്രൂപ്പുകൾ DAY-NRLM പ്രകാരം പലിശയിളവിന് അർഹതയുണ്ടാവില്ല.

(v) അർഹരായ സ്വയംസഹായ ഗ്രൂപ്പുകളുടെ വായ്പാ അക്കൗണ്ടുകളിലേക്ക് കൈമാറിയ പലിശയിളവ് തുക കാണിക്കുന്ന ത്രൈ മാസിക വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) SRLM കൾ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സംസ്ഥാനങ്ങൾക്ക് അവരവരുടേതായ പലിശയിളവ് നൽകൽ പദ്ധതിയുണ്ടെങ്കിൽ അവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര ഗവണ്മെന്റിന്റെ പദ്ധതിയുമായി ഒത്തുപോകേണ്ടതാണ്.

അനുബന്ധം III

**പലിശ സബ്സിഡിയോടെ 7 % നിരക്കിലും കൃത്യമായ തിരിച്ചടവിന് 3 % ധനസഹായത്തിനും അർഹമായ 250 ജില്ലകൾ**

| ക്രമ നമ്പർ | സംസ്ഥാനം | ക്രമ നമ്പർ | ജില്ലാ |
|---|---|---|---|
| 1 | ആന്ധ്ര പ്രദേശ് | 1 | ഗുണ്ടൂർ |
| | | 2 | കൃഷ്ണ |
| | | 3 | ശ്രീകാകുളം |
| | | 4 | ഗോദാവരി |
| | | 5 | വിജയനഗരം |
| | | 6 | വിശാഖപട്ടണം |
| | | | |
| 2 | അരുണാചൽ പ്രദേശ് | 1 | ഈസ്റ്റ് സിയാങ് |
| | | 2 | ഈസ്റ്റ് കമങ് |
| | | 3 | പാപ്പും പേരെ |
| | | 4 | ലോഹിത് |
| 3 | അസം | 1 | ചിരാങ് |
| | | 2 | കിർബി ആങ് ലോങ്ങ് |
| | | 3 | സോനിത്ത്പുർ |
| | | 4 | തീൻസുകിയ |
| | | 5 | ഹൈലക്കണ്ടി |
| | | 6 | ധെമേജി |
| | | 7 | ജോർഹാട് |
| | | 8 | നാഗോൺ |
| 4 | ബീഹാർ | 1 | സഹർസാ |
| | | 2 | സുപൗൾ |
| | | 3 | മധേപുര |
| | | 4 | നളന്ദ |
| | | 5 | ഖാഗ്രിയ |
| | | 6 | ഈസ്റ്റ് ചമ്പാരൻ (മോത്തി ഹാരി) |
| | | 7 | അർവാൾ |
| | | 8 | ഔറംഗബാദ് |
| | | 9 | ഗയ |
| | | 10 | ജാമുയി |
| | | 11 | ജഹാനാബാദ് |
| | | 12 | കൈമൂർ |
| | | 13 | മുൻഗർ |
| | | 14 | നെവാഡ |
| | | 15 | റോഹ്തസ് |
| | | 16 | പശ്ചിമ് ചമ്പാരൻ |
| | | 17 | സീതമാരി |
| 5 | ചത്തിസ്ഗർഹ് | 1 | ബലരാംപുർ |
| | | 2 | സുരാജ്പുർ |

| | | | |
|---|---|---|---|
| | | 3 | സുക്മ |
| | | 4 | കൊണ്ടഗാവ് |
| | | 5 | ഗാരിയബന്ദ് |
| | | 6 | ബലോട ബസാർ |
| | | 7 | ധാംതരി |
| | | 8 | റായ്ഗഢ് |
| | | 9 | ബസ്റ്റർ |
| | | 10 | ബിജാപുർ |
| | | 11 | ദന്തെവാദ |
| | | 12 | ജെഷ്പുർ |
| | | 13 | കങ്കർ |
| | | 14 | കവർദ്ധ |
| | | 15 | കൊരിയ |
| | | 16 | നാരായൺപുർ |
| | | 17 | രാജ്നന്ദ്ഗാൺ |
| | | 18 | സർഗുജ |
| 6 | ഗുജറാത്ത് | 1 | ചോട്ടാ ഉദെപുർ |
| | | 2 | മഹിസാഗർ |
| | | 3 | മെഹ്സാന |
| | | 4 | ജുനാഗഢ് |
| | | 5 | വഡോദര |
| | | 6 | ബാനസ്കന്ദ |
| | | 7 | പഞ്ചമഹാൽ |
| 7 | ജാർഖണ്ഡ് | 1 | പക്കുർ |
| | | 2 | ഡുംക |
| | | 3 | ഗൊഡ്ഡ |
| | | 4 | ബൊക്കാറോ |
| | | 5 | ഛത്ര |
| | | 6 | ഗഢ്വാ |
| | | 7 | ഗിരിഡ് |
| | | 8 | ഗുംള |
| | | 9 | ഹസാരിബാഗ് |
| | | 10 | ഖുൻറ്റി |
| | | 11 | കോഡെർമ |
| | | 12 | ലത്തെഹർ (N) |
| | | 13 | ലോഹർ ഡഗ |
| | | 14 | പശ്ചിമ സിംഗ്ഭും |
| | | 15 | പലാമു |
| | | 16 | പൂർബി സിംഗ്ഭും |
| | | 17 | രാംഗഢ് |
| | | 18 | റാഞ്ചി (റൂറൽ) |
| | | 19 | സരായ് കേള (N ) |
| | | 20 | സിംദെഗ (N) |

| | | | |
|---|---|---|---|
| 8 | കർണാടകം | 1 | ബിജാപുർ |
| | | 2 | ചാമരാജ്നഗർ |
| | | 3 | ചിത്രദുർഗ |
| | | 4 | ഗുൽബർഗ |
| | | 5 | മൈസൂർ |
| | | 6 | തുംകൂർ |
| | | 7 | ഗഡ്ഗ |
| | | 8 | കൊപ്പൽ |
| 9 | മധ്യ പ്രദേശ് | 1 | സാഗർ |
| | | 2 | ദാമോഹ് |
| | | 3 | ടികംഗഢ് |
| | | 4 | പന്ന |
| | | 5 | ചഹത്പുർ |
| | | 6 | ജാബുവ |
| | | 7 | ധർ |
| | | 8 | അന്നപൂർ |
| | | 9 | ബാലഘട് |
| | | 10 | ദിൻഡോറി |
| | | 11 | മണ്ഡല |
| | | 12 | സീയോനി |
| | | 13 | ഷഹ്ദോൾ |
| | | 14 | സിദ്ധി |
| | | 15 | ഉമറിയ |
| | | 16 | ചിന്ദ്വാരാ |
| | | 17 | സിന്ഗറൗളി |
| | | 18 | ബദ്വാനി |
| | | 19 | ഷേയപുർ |
| | | 20 | അലിരാജ്പുർ |
| 10 | മഹാരാഷ്ട്ര | 1 | സോളാപ്പൂർ |
| | | 2 | രത്നഗിരി |
| | | 3 | താനെ |
| | | 4 | വാർദ്ധ |
| | | 5 | ബീഡ് |
| | | 6 | സിന്ധുർ ദുര്ഗ |
| | | 7 | ചന്ദ്രപുർ |
| | | 8 | ഗാഡ്ചിറോളി |
| | | 9 | ഗോണ്ഡ്യ |
| | | 10 | ജൽന |
| | | 11 | ഒസ്മാനാബാദ് |
| | | 12 | നനദർബർ |
| | | 13 | യവത് മാൾ |
| 11 | ഒഡിഷ | 1 | അംഗുൽ |
| | | 2 | ഭദ്രക് |

| | | | |
|---|---|---|---|
| | | 3 | ബാലസോർ |
| | | 4 | കട്ടക്ക് |
| | | 5 | ബാലന്ഘിർ |
| | | 6 | ദേവ്ഗട് |
| | | 7 | ഗജപതി |
| | | 8 | ഗാഞ്ചം |
| | | 9 | ജയ്പൂർ |
| | | 10 | കാലഹണ്ടി |
| | | 11 | കാണ്ഡമാൽ |
| | | 12 | കേന്ദുജാർ |
| | | 13 | കോറ പുട് |
| | | 14 | മൽകാൻ ഗിരി |
| | | 15 | മയൂർപഞ്ച് |
| | | 16 | നബരംഗ്പുർ |
| | | 17 | നയാഗർഹ് |
| | | 18 | നയ പദ |
| | | 19 | റായ്ഗഢ് |
| | | 20 | സമ്പൽപ്പൂർ |
| | | 21 | സോനാപ്പൂർ |
| | | 22 | സുന്ദരഗാർഹ |
| 12 | രാജസ്ഥാൻ | 1 | ഡാങ്കേർപുർ |
| | | 2 | ബനസ്വര |
| | | 3 | ധോൽപൂർ |
| | | 4 | ജാലവർ |
| | | 5 | ബറാണ് |
| | | 6 | അജ്മീർ |
| | | 7 | അൽവാർ |
| | | 8 | ഡൗസ |
| | | 9 | ഉദയപുർ |
| 13 | തമിഴ് നാട് | 1 | കൂടല്ലൂർ |
| | | 2 | നാഗപട്ടിണം |
| | | 3 | തഞ്ചാവൂർ |
| | | 4 | ട്രിചി |
| | | 5 | ഡിണ്ടിഗൽ |
| | | 6 | വില്ലുപുരം |
| | | 7 | വെള്ളൂർ |
| | | 8 | തിരുവണ്ണാമലൈ |
| | | 9 | ധർമപുരി |
| 14 | ഉത്തർ പ്രദേശ് | 1 | ആഗ്ര |
| | | 2 | അലിഗഡ് |
| | | 3 | ഓറിയാ |
| | | 4 | ബാസ്ററ്യ |
| | | 5 | ബിജ്നോർ |

| | | | |
|---|---|---|---|
| | | 6 | ലാഖീമ്പുർ ഖേരി |
| | | 7 | ഉന്നാവോ |
| | | 8 | വാരാണസി |
| | | 9 | ബാര ബാൻകി |
| | | 10 | ഗോരഖ്പൂർ |
| | | 11 | ലക്നൗ |
| | | 12 | ചാൻ ദൗലി |
| | | 13 | മിർസാപൂർ |
| | | 14 | സോൻഭദ്രാ |
| | | 15 | ബദൗൻ |
| | | 16 | ഹർദോയി |
| | | 17 | എത്വവാ |
| | | 18 | അസം ഗർഹ് |
| | | 19 | അലഹബാദ് |
| | | 20 | അംബേദ്കർനഗർ |
| | | 21 | ബഹ് റൈച്ച് |
| | | 22 | ദിയോ റിയ |
| | | 23 | ജലൗണ് |
| | | 24 | ഹാമിർപുർ |
| | | 25 | ബന്ധ |
| 15 | വെസ്റ്റ് ബംഗാൾ | 1 | അലിപുരദ്വാർ |
| | | 2 | പുർബ മേദിനിപുർ |
| | | 3 | സൗത്ത് 24 പർഗ്നസ് |
| | | 4 | ബാങ്കുറ |
| | | 5 | മേദിനിപുർ വെസ്റ്റ് |
| | | 6 | കുച് ബീഹാർ |
| | | 7 | ബിർഭും |
| | | 8 | പുരുലിയ |
| 16 | തെലുങ്കാന | 1 | മെഹബൂബ്നഗർ |
| | | 2 | അദിലാബാദ് |
| | | 3 | വാറങ്കൽ |
| | | 4 | ഖമ്മം |
| | | 5 | കരിംനഗർ |
| 17 | കേരളം | 1 | ഇടുക്കി |
| | | 2 | വയനാട് |
| | | 3 | പാലക്കാട് |
| | | 4 | മലപ്പുറം |
| 18 | ഹരിയാന | 1 | മഹേന്ദർഗർഹ് |
| | | 2 | കർനാൽ |
| | | 3 | ജിന്ദ് |
| | | 4 | മേവാത് |
| | | 5 | ഭിവാനി |
| | | 6 | ജെഹജ്ജാർ |

| | | | |
|---|---|---|---|
| 19 | ഹിമാചൽ പ്രദേശ് | 1 | കാംഗ്ര |
| | | 2 | ഉ ന |
| | | 3 | ഷിംല |
| | | 4 | മണ്ഡി |
| 20 | ജമ്മു & കാശ്മീർ | 1 | കുപ്വാര |
| | | 2 | പൂഞ്ച് |
| | | 3 | കിഷ്ത്വാർ |
| | | 4 | ഗാൻഡർബാൽ |
| | | 5 | ബെഡ്ഗം |
| | | 6 | ഉധംപൂർ |
| 21 | പഞ്ചാബ് | 1 | പട്യാല |
| | | 2 | സംഗരൂർ |
| | | 3 | ഭട്ടിണ്ട |
| | | 4 | തരൻ തരാന് |
| | | 5 | ഗുർദാസ്പുർ |
| | | 6 | ഫെറോസിപ്പൂർ |
| 22 | ഉത്തര ഖണ്ഡ് | 1 | പിത്തോറ ഗർഹ് |
| | | 2 | പൊഹ്രി ഗർവാൾ |
| | | 3 | ചമോലി |
| | | 4 | ബാഗേശ്വർ |
| 23 | മണിപ്പൂർ | 1 | ചന്ദേൽ |
| | | 2 | ഇംഫൽ ഈസ്റ്റ് |
| 24 | മേഘാലയ | 1 | വെസ്റ്റ് ഗാരോ ഹിൽസ് |
| | | 2 | സൗത്ത് വെസ്റ്റ് ഖാസി ഹിൽസ് |
| | | 3 | വെസ്റ്റ് ഖാസി ഹിൽ |
| 25 | മിസോറം | 1 | സെർച്ചിപ് |
| | | 2 | ഐസ്വാൾ |
| | | 3 | ല്യൂങ് ലെയ് |
| 26 | നാഗാലാൻഡ് | 1 | കിഫറെ |
| | | 2 | ലോങ്ലിങ് |
| | | 3 | പെരെൻ |
| | | 4 | ട്യുൻസാങ് |
| | | 5 | മോന് |
| 27 | ത്രിപുര | 1 | ദലൈ |
| | | 2 | വെസ്റ്റ് ത്രിപുര |
| | | 3 | നോർത്ത് ത്രിപുര |
| 28 | പുതുശ്ശേരി | 1 | പുതുശ്ശേരി |
| 29 | അന്തമാൻ & നിക്കോബാർ ദ്വീപുകൾ | 1 | നോർത്ത് & മിഡിൽ അന്തമാൻ Dist. |
| 30 | സിക്കിം | 1 | സൗത്ത് സിക്കിം |
| | | 2 | ഈസ്റ്റ് സിക്കിം |
| 31 | ഗോവ | 1 | നോർത്ത് ഗോവ |

അനെക്സ് IV

വർഷം 20...... .... മാസത്തേക്കുള്ള
പുരോഗതിയുടെ റിപ്പോർട്ട്

ശാഖയുടെ പേര്:
ബാങ്കിന്റെ പേര്:
ബ്ലോക്ക്:
ജില്ല:
സംസ്ഥാനം:

വായ്പയുടെ എണ്ണം - യഥാർത്ഥത്തിൽ ...ലക്ഷം രൂപയിൽ

| ക്രമ നം | SB അക്കൗണ്ട് ഉള്ള SHG കളുടെ എണ്ണം | | | ഈ മാസം ക്രെഡിറ്റ് ലിങ്ക് ചെയ്ത SHG കൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പുതിയ വായ്പകൾ | | ആവർത്തന വായ്പകൾ | | ആകെ | | പിരിഞ്ഞു കിട്ടാനുള്ള വായ്പതുക | |
| | കഴിഞ്ഞ മാസം വരെയുള്ള ആകെ SB അക്കൗണ്ട് | പുതുതായി തുറന്നവ | ആകെ | വായ്പയുടെ എണ്ണം | വിതരണം ചെയ്ത തുക | വായ്പയുടെ എണ്ണം | വിതരണം ചെയ്ത തുക | വായ്പയുടെ എണ്ണം | വിതരണം ചെയ്ത തുക | വായ്പയുടെ എണ്ണം | വിതരണം ചെയ്ത തുക |
| | 1(a) | 1(b) | 1(c)= 1(a)+ 1(b) | 2(a) | 2(b) | 3(a) | 3(b) | 4(a)= 2(a)+ 3(a) | 4(b)= 2(b)+ 3(b) | 5(a) | 5(b) |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

- ആദ്യമായി ലിങ്ക് ചെയ്യുന്ന വായ്പയെ പുതിയ വായ്പയായി കണക്കാക്കേണ്ടതാണ്.
- രണ്ടാമതും മൂന്നാമതും ലിങ്ക് ചെയ്യുന്ന വായ്പയെ ആവർത്തന വായ്പയായി കണക്കാക്കേണ്ടതാണ്
- ആകെ കിട്ടാനുള്ള വായ്പത്തുക , 5 (എ))യും 5 (ബി ) യും ഈ മാസം നൽകിയ ആകെ വായ്പയും കൂടി ചേർന്നതാകണം . അതായതു് 5 (എ))=4 + കഴിഞ്ഞ മാസം അവസാനം വരെ കിട്ടാനുള്ള വായ്പ തുക

അനെക്സ് V

മാസത്തിലെ  കൃത്യ വിലോപ റിപ്പോർട്ട്

ശാഖയുടെ  പേര്:
ബാങ്കിന്റെ പേര്:
ബ്ലോക്ക്:
ജില്ല:
സംസ്ഥാനം:
വായ്പയുടെ എണ്ണം - യഥാർത്ഥത്തിൽ ...ലക്ഷം  രൂപയിൽ

| ക്രമ നം | വായ്പയുടെ എണ്ണം | പിരിഞ്ഞു കിട്ടാനുള്ള വായ്പ തുക | ക്രമ രഹിതമായ അക്കൗണ്ടുകൾ | | നിഷ്ക്രിയ ആസ്തികളുടെ വിശദാംശങ്ങൾ | |
|---|---|---|---|---|---|---|
| | | | അക്കൗണ്ടുകളുടെ എണ്ണം | കാലാവധി കഴിഞ്ഞ തുക | അക്കൗണ്ടുകളുടെ എണ്ണം | തുക |
| 1 | 2 | 3 | 4(a) | 4(b) | 5(a) | 5(b) |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

അനുബന്ധം

| നം | സർക്കുലർ നം | തീയതി | വിഷയം |
|---|---|---|---|
| 1 | ആർപിസിഡി.ജിഎസ് എസ്ഡി.സിഓ. നം. 81/09.01.03/2012-13 | 27.06.2013 | മുൻഗണനാ മേഖല വായ്പകൾ SGSY "ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) ആജീവിക "ആയി പുനഃക്രമീകരിക്കുന്നു. |
| 2 | ആർപിസിഡി.ജിഎസ് എസ്ഡി. സിഓ. ബിസി. നം. 38/09.01.03/2013-14 | 20.09.2013 | "ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) ആജീവിക" റിസർവ് ബാങ്കിലേക്ക് റിപ്പോർട്ട് ചെയ്യൽ |
| 3 | ആർപിസിഡി.ജിഎസ് എസ്ഡി. സിഓ. ബിസി. നം. 57/09.01.03/2013-14 | 19.11.2013 | "ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) ആജീവിക" - പലിശ ധനസഹായ പദ്ധതി |
| 4 | എഫ്ഐഡിഡി. ജിഎസ്എസ്ഡി. സിഓ. ബിസി. നം. 45/09.01.03/2014-15 | 09.12.2014 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) ആജീവിക - പലിശ ധനസഹായ പദ്ധതി |
| 5 | എഫ്ഐഡിഡി. ജിഎസ്എസ്ഡി. സിഓ. ബിസി. നം. 19/09.01.03/2015-16 | 21.01.2016 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) ആജീവിക- പലിശ ധനസഹായ പദ്ധതി 2015-16 |
| 6 | എഫ്ഐഡിഡി. ജിഎസ്എസ്ഡി. സിഓ. ബിസി. നം. 26/09.01.03/2015-16 | 09.06.2016 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) ആജീവിക - പലിശ ധനസഹായ പദ്ധതി 2015-16 - മാറ്റം വരുത്തൽ |
| 7 | എഫ്ഐഡിഡി. ജിഎസ്എസ്ഡി. സിഓ. ബിസി. നം. 3/09.01.03/2016-17 | 25.08.2016 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM)ആജീവിക- പലിശ ധനസഹായ പദ്ധതി 2016-17 |
| 8 | എഫ്ഐഡിഡി. ജിഎസ്എസ്ഡി. സിഓ. ബിസി. നം. 17/09.01.03/2017-18 | 18.10.2017 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) ആജീവിക - പലിശ ധനസഹായ പദ്ധതി 2017-18 |